# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാറനല്ലൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSATVM GP4/1520 /2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 06/11/2021
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാറനല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാറനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാറനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSATVM GP4/1520 /2021 തീയ്യതി: 06/11/2021

## തിരുവനന്തപുരം ജില്ലയിലെ മാറനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ മാറനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 55 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 45 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ശ്രീജ. കെ | ഡെപ്യൂട്ടി ഡയറക്ടർ | 24-08-2021 | 02-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 24-08-2021 | 02-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ശോശാമ്മ എസ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി. വിശ്വലത, ഓഡിറ്റർ സീനിയർ ഗ്രേഡ്
ശ്രീമതി. ജയലക്ഷ്മി ബി.കെ, ഓഡിറ്റർ സീനിയർ ഗ്രേഡ്
ശ്രീ. കോസലരാമദാസ്, ഓഡിറ്റർ സീനിയർ ഗ്രേഡ്
ശ്രീ. ദിലീപ് കുമാർ, ഓഡിറ്റർ സീനിയർ ഗ്രേഡ്
ശ്രീമതി. ആര്യകൃഷ്ണൻ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. രമ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി. മിനി ജി | സെക്രട്ടറി | 01-04-2019 | 07-08-2019 |
| ശ്രീമതി .ഷീബ കെ എസ് | സെക്രട്ടറി | 12-08-2019 | 04-03-2020 |
| ശ്രീമതി. ബിന്ദു പി വി | സെക്രട്ടറി | 19-03-2020 | 31-03-2020 |
| ശ്രീമതി.പ്രിയ കെ.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-08-2019 | 11-08-2019 |
| ശ്രീമതി.പ്രിയ കെ.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-03-2020 | 18-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ദീപ ജെ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. ഷൈന എസ് | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ. രാജേഷ് ചന്ദ്രൻ | മെഡിക്കൽ ഓഫീസർ പി എച്ച് സി | 01-04-2019 | 31-03-2020 |
| ഡോ. അരുൺ കുമാർ ജി എസ് | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീ.സെബിൻ എൽ എസ് | വി ഇ ഒ സർക്കിൾ 1 | 01-04-2019 | 31-03-2020 |
| ശ്രീമതി. ഷാനി വി | വി ഇ ഒ സർക്കിൾ2 | 01-04-2019 | 31-03-2020 |
| ശ്രീമതി. മേഘ്ന | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| കുമാരി രമണി എസ് വിനായക | എച്ച് എം | 01-04-2019 | 09-06-2019 |
| ശ്രീമതി ഉഷാകുമാരി | എച്ച് എം | 10-06-2019 | 31-03-2020 |
| ശ്രീ.അഭിലാഷ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി നിഷ വൽസലൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 27-12-2019 |
| ശ്രീ. മധുസൂദനൻ കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 28-12-2019 | 31-03-2020 |
| ശ്രീമതി. പ്രിയ കെ എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 29-03-2020 |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Arya Krishnan A.R (Auditor, On 03-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 18-10-2021) | 1-1 |
| 2 | ബജറ്റിൽ വകയിരുത്താതെ തുക ചെലവഴിച്ചു<br>Written By: Arya Krishnan A.R (Auditor, On 03-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 02-11-2021) | 1-1-1 |
| 3 | ബജറ്റ് വിഹിതം ചെലവഴിക്കുന്നതിൽ അപാകത<br>Written By: Arya Krishnan A.R (Auditor, On 03-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 18-10-2021) | 1-1-2 |
| 4 | വാർഷിക ധനകാര്യപത്രിക<br>Written By: Jayalekshmi BK (Senior Grade Auditor, On 04-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 21-10-2021) | 1-2 |
| 5 | വാർഷികധനകാര്യ പത്രിക തയ്യാറാക്കിയതിൽ അപാകതകൾ<br>Written By: Jayalekshmi BK (Senior Grade Auditor, On 04-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 02-11-2021) | 1-2-1 |
| 6 | ഗ്രാന്റ് വിനിയോഗം<br>Written By: Jayalekshmi BK (Senior Grade Auditor, On 05-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 02-11-2021) | 1-3 |
| 7 | പദ്ധതി ഫണ്ട് ചെലവുകൾ-വാർഷിക ധനകാര്യപത്രികയിലെയും ഗ്രാന്റ് വിനിയോഗ പത്രികയിലെയും ചെലവ് തുകകളിൽ ചുവടെ ചേർക്കും പ്രകാരം വ്യത്യാസം നിലനിൽക്കുന്നു.<br>Written By: Jayalekshmi BK (Senior Grade Auditor, On 05-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 02-11-2021) | 1-3-1 |
| 8 | വകയിരുത്തിയ വിഹിതം ചെലവഴിക്കാതെ പാഴായി<br>Written By: Jayalekshmi BK (Senior Grade Auditor, On 05-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 02-11-2021) | 1-3-2 |
| 9 | മേഖലാവകയിരുത്തൽ അപാകതകൾ<br>Written By: Jayalekshmi BK (Senior Grade Auditor, On 05-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 03-11-2021) | 1-3-3 |
| 10 | പ്രത്യേകആവശ്യങ്ങൾക്കായി ലഭിച്ച ഫണ്ടുകൾ ചെലവഴിക്കാതെ ബാധ്യതയായി അവശേഷിക്കുന്നു<br>Written By: Jayalekshmi BK (Senior Grade Auditor, On 05-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 02-11-2021) | 1-3-4 |
| 11 | പദ്ധതി അവലോകനം<br>Written By: Sosamma.S (Audit Officer, On 12-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 02-11-2021) | 1-4 |
| 12 | തൊഴിലുറപ്പ് പദ്ധതി<br>Written By: Arya Krishnan A.R (Auditor, On 03-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 02-11-2021) | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി പ്രവർത്തനം അവലോകനം<br>Written By: Arya Krishnan A.R (Auditor, On 03-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 18-10-2021) | 1-5-1 |
| 14 | സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ- ചട്ട പ്രകാരമല്ല<br>Written By: Arya Krishnan A.R (Auditor, On 03-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 02-11-2021) | 1-5-2 |
| 15 | ക്ഷേമ പദ്ധതികൾ<br>Written By: Kosalaramadas.K (Senior Grade Auditor, On 12-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 18-10-2021) | 1-6 |
| 16 | ക്യാഷ് പരിശോധന<br>Written By: Arya Krishnan A.R (Auditor, On 03-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 18-10-2021) | 1-7 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-8 |

| | | |
|---|---|---|
| | Written By: Sosamma.S (Audit Officer, On 12-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 02-11-2021) | |
| 18 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sosamma.S (Audit Officer, On 12-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 02-11-2021) | 1-9 |
| 19 | രസീത് പരിശോധന- അപാകതകൾ<br>Written By: Arya Krishnan A.R (Auditor, On 03-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 18-10-2021) | 1-10 |
| 20 | രസീതുകളുടെ ക്യാൻസലേഷൻ<br>Written By: Arya Krishnan A.R (Auditor, On 03-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 02-11-2021) | 1-10-1 |
| 21 | രസീത് തുക അടവാക്കിയതിൽ കുറവ്<br>Written By: Arya Krishnan A.R (Auditor, On 03-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 02-11-2021) | 1-10-2 |
| 22 | രസീത് ബുക്കുകൾ ഹാജരാക്കിയിട്ടില്ല<br>Written By: Arya Krishnan A.R (Auditor, On 03-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 18-10-2021) | 1-10-3 |
| 23 | രസീതുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല<br>Written By: Arya Krishnan A.R (Auditor, On 03-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 18-10-2021) | 1-10-4 |
| 24 | സ്ഥാപനത്തിന്റെ തനത് വരുമാന സ്രോതസ്സുകൾ- ജാഗ്രത പുലർത്തേണ്ടതാണ്<br>Written By: Arya Krishnan A.R (Auditor, On 03-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 02-11-2021) | 1-11 |
| 25 | വസ്തുനികുതി- അപാകതകൾ<br>Written By: Viswalatha V.L (Senior Grade Auditor, On 09-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 02-11-2021) | 1-12 |
| 26 | പഞ്ചായത്ത് വക ഗ്രന്ഥശാലയുടെ സ്ഥിതി പരിതാപകരം<br>Written By: Viswalatha V.L (Senior Grade Auditor, On 05-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 03-11-2021) | 1-13 |
| 27 | ലൈസൻസ് നൽകുന്നതിലേയും തുക ഈടാക്കുന്നതിലേയും, അപാകത.<br>Written By: Viswalatha V.L (Senior Grade Auditor, On 05-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 21-10-2021) | 1-14 |
| 28 | SLI, GIS -പോളിസി തുകകൾ നിശ്ചിത നിരക്കിൽ ഈടാക്കുന്നില്ല.<br>Written By: Viswalatha V.L (Senior Grade Auditor, On 05-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 02-11-2021) | 1-15 |
| 29 | തൊഴിൽ നികുതി കൃത്യമായി ഈടാക്കുന്നതിൽ അനാസ്ഥ<br>Written By: Viswalatha V.L (Senior Grade Auditor, On 05-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 03-11-2021) | 1-16 |
| 30 | തുക അനുവദിച്ചെങ്കിലും റോഡ് മാപ്പിംഗ് നടത്തിയിട്ടില്ല.<br>Written By: Viswalatha V.L (Senior Grade Auditor, On 05-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 20-10-2021) | 1-17 |
| 31 | പൊതു ടാപ്പുകളുടെ പരിപാലനം<br>Written By: Viswalatha V.L (Senior Grade Auditor, On 05-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 06-11-2021) | 1-18 |
| 32 | മൃഗസംരക്ഷണമേഖലയിലെ പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Jayalekshmi BK (Senior Grade Auditor, On 09-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 02-11-2021) | 1-19 |
| 33 | ഐ.സി.ഡി.എസ് പദ്ധതി നിർവ്വഹണം- അപാകതകൾ<br>Written By: Kosalaramadas.K (Senior Grade Auditor, On 03-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 20-10-2021) | 1-20 |
| 34 | അങ്കണവാടികൾ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതെ പ്രവർത്തിക്കുന്നു<br>Written By: Kosalaramadas.K (Senior Grade Auditor, On 03-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 20-10-2021) | 1-20-1 |
| 35 | ഗ്രാമപഞ്ചായത്ത്തല ഐ.സി.ഡി.എസ് കോ-ഓർഡിനേഷൻ/ | 1-20-2 |

| | | |
|---|---|---|
| | അങ്കണവാടി വാർഡ്തല കമ്മിറ്റികൾ -പ്രവർത്തനരഹിതം<br>Written By: Kosalaramadas.K (Senior Grade Auditor, On 03-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 02-11-2021) | |
| 36 | അമൃതം ന്യൂട്രിമിക്സ് ലാബ് പരിശോധന നടത്തി ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നില്ല<br>Written By: Kosalaramadas.K (Senior Grade Auditor, On 03-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 02-11-2021) | 1-20-3 |
| 37 | മാലിന്യ സംസ്കരണത്തിന് പദ്ധതികൾ ആവിഷ്ക്കരിക്കുന്നില്ല<br>Written By: Kosalaramadas.K (Senior Grade Auditor, On 03-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 20-10-2021) | 1-21 |
| 38 | ലൈഫ് പദ്ധതി-ഒരു അവലോകനം<br>Written By: Kosalaramadas.K (Senior Grade Auditor, On 03-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 20-10-2021) | 1-22 |
| 39 | വിദ്യാഭ്യാസ മേഖലയിലെ പദ്ധതി നിർവ്വഹണം- ക്യാഷ് ബുക്ക് പരിപാലനത്തിലെ അപാകത<br>Written By: Arya Krishnan A.R (Auditor, On 03-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 02-11-2021) | 1-23 |
| 40 | നടപടികൾ സ്വീകരിക്കാത്ത മുൻ ഓഡിറ്റ് പരാമർശങ്ങൾ<br>Written By: Arya Krishnan A.R (Auditor, On 03-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 20-10-2021) | 1-24 |
| 41 | ദുരിതാശ്വാസ നിധി- സബ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല.<br>Written By: Arya Krishnan A.R (Auditor, On 03-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 03-11-2021) | 1-25 |
| 42 | തെരുവ് വിളക്ക് പരിപാലനം- അപാകതകൾ<br>Written By: Jayalekshmi BK (Senior Grade Auditor, On 05-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 02-11-2021) | 1-26 |
| 43 | മാർഗ്ഗരേഖ നിർദ്ദേശം പരിഗണിക്കാതെ എൽ.ഇ.ഡി. ലൈറ്റിന് പകരം പുതിയ ട്യൂബ്സെറ്റുകൾ വാങ്ങി സ്ഥാപിച്ചിരിക്കുന്നു<br>Written By: Jayalekshmi BK (Senior Grade Auditor, On 05-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 20-10-2021) | 1-26-1 |
| 44 | സിംഗിൾ ട്യൂബ്സെറ്റ് സ്ഥാപിച്ച പോസ്റ്റുകളിൽ ഡബിൾട്യൂബ്സെറ്റിന്റെ അറ്റകുറ്റപണിക്ക് തുക ചെലവഴിച്ചിരിക്കുന്നു<br>Written By: Jayalekshmi BK (Senior Grade Auditor, On 05-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 02-11-2021) | 1-26-2 |
| 45 | പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു.<br>Written By: Jayalekshmi BK (Senior Grade Auditor, On 05-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 02-11-2021) | 1-27 |
| 46 | കരാറുടമ്പടി വയ്ക്കാൻ കാലതാമസം - നിയമാനുസൃതമായ ഫൈൻ ഈടാക്കിയിട്ടില്ല.<br>Written By: Dileep Kumar K N (Senior Grade Auditor, On 06-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 02-11-2021) | 1-28 |
| 47 | ഗുണഭോക്തൃ സമിതി മുഖേന പ്രവൃത്തികൾ നിർവ്വഹണം നടത്തുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല<br>Written By: Dileep Kumar K N (Senior Grade Auditor, On 06-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 20-10-2021) | 1-29 |
| 48 | എൽ. എസ്.ജി.ഡി. ഓഫീസിന് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയത്-സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചല്ല<br>Written By: Dileep Kumar K N (Senior Grade Auditor, On 06-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 20-10-2021) | 1-30 |
| 49 | കോളനിയുടെ അടിസ്ഥാന സൗകര്യ വികസനം - പദ്ധതി ഉപേക്ഷിച്ചിട്ടും പകരം പദ്ധതി നടപ്പാക്കിയില്ല<br>Written By: Dileep Kumar K N (Senior Grade Auditor, On 06-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 02-11-2021) | 1-31 |

| | | |
|---|---|---|
| 50 | ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്തതിൽ വ്യത്യാസം - സർക്കാരിന് നഷ്ടം 870രൂപ<br>Written By: Dileep Kumar K N (Senior Grade Auditor, On 06-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 02-11-2021) | 1-32 |
| 51 | ജി.എസ്.ടി അസസ്സ്മെന്റ് ഉറപ്പ് വരുത്തുന്നതിന് കരാറുകാരിൽ നിന്നും സെൽഫ് ഡിക്ലറേഷനും ടാക്സ് ഇൻവോയിസും വാങ്ങുന്നില്ല<br>Written By: Dileep Kumar K N (Senior Grade Auditor, On 06-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 20-10-2021) | 1-33 |
| 52 | കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ പി.ഡബ്ല്യു.ഡി. മാന്വലിലെ നിർദ്ദേശം പാലിക്കുന്നില്ല<br>Written By: Dileep Kumar K N (Senior Grade Auditor, On 06-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 02-11-2021) | 1-34 |
| 53 | ആസ്തി സംരക്ഷണം-സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്<br>Written By: Jayalekshmi BK (Senior Grade Auditor, On 09-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 02-11-2021) | 1-35 |
| 54 | കായിക വികസന പദ്ധതി ലക്ഷ്യം നേടിയില്ല – ചെലവഴിച്ച തുക പാഴായി<br>Written By: Sosamma.S (Audit Officer, On 12-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 02-11-2021) | 1-36 |
| 55 | പാഥേയം പദ്ധതി - ചെലവ് വിവരങ്ങൾ ലഭ്യമാക്കിയില്ല – 288000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Sosamma.S (Audit Officer, On 12-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 02-11-2021) | 1-37 |
| 56 | ആയുർവ്വേദ മരുന്ന് വാങ്ങൽ - കരാർ വ്യവസ്ഥ പാലിച്ചില്ല<br>Written By: Sosamma.S (Audit Officer, On 12-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 02-11-2021) | 1-38 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayalekshmi BK (Senior Grade Auditor, On 04-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 02-11-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jayalekshmi BK (Senior Grade Auditor, On 04-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 06-11-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Sosamma.S (Audit Officer, On 12-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 20-10-2021) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് വിവരങ്ങൾ<br>Written By: Sosamma.S (Audit Officer, On 12-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 03-11-2021) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Sosamma.S (Audit Officer, On 12-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 20-10-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sosamma.S (Audit Officer, On 12-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 20-10-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Sosamma.S (Audit Officer, On 12-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 20-10-2021) | 4-7 |
| 8 | | 4-8 |

| | | |
|---|---|---|
| | ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Sosamma.S (Audit Officer, On 12-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 20-10-2021) | |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayalekshmi BK (Senior Grade Auditor, On 04-09-2021)<br>Last Updated By: K Sreeja (Deputy Director, On 06-11-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: Jayalekshmi BK (Senior Grade Auditor, On 09-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 03-11-2021) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് 21.02.2019 തീയതിയിലെ 1/1-ാം നമ്പർ തീരുമാനപ്രകാരവും, പരിഷ്കരിച്ച ബജറ്റ് 28.02.2020-ലെ 7/1-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) 45,00,21,460.1/-രൂപയും പ്രതീക്ഷിത ചെലവ് 43,48,28,159/- രൂപയും നീക്കിയിരിപ്പ് 1,51,93,301.1/- രൂപയുമാണ്. ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

### 1-1-1 ബജറ്റിൽ വകയിരുത്താതെ തുക ചെലവഴിച്ചു

1. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214(5) പ്രകാരം ബജറ്റിൽ ഉൾപ്പെടാത്ത തുക ചെലവഴിക്കുന്നുണ്ടെങ്കിൽ അനുബന്ധ ബജറ്റ്/പരിഷ്കരിച്ച ബജറ്റ് അവതരിപ്പിക്കേണ്ടതും തൊട്ടടുത്ത ഗ്രാമപഞ്ചായത്ത് യോഗത്തിൽ അംഗീകരിക്കേണ്ടതുമാണ്. എന്നാൽ ബജറ്റിലും/പരിഷ്കരിച്ച ബജറ്റിലും ഉൾപ്പെടാത്ത താഴെപ്പറയുന്ന ഇനത്തിന് മേൽ നടപടിക്രമങ്ങൾ പാലിക്കാതെ ചെലവ് നടത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.09/25.08.2021) നൽകിയ മറുപടിയിലെ വിശദീകരണവും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഹെഡ് (ബജറ്റ് പ്രകാരം) | ഇനം | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ് പ്രകാരമുള്ള തുക | ലഭ്യമാക്കിയ മറുപടി പ്രകാരമുള്ള വിശദീകരണം |
|---|---|---|---|---|---|
| 1 | 2501039 | Animal Husbandry - Infrastructure | 0 | 4,56,649/- | ഈ തുകയിൽ വെറ്റിനറി മരുന്ന് വാങ്ങുന്നതിനായി ചെലവഴിച്ച 4,00,000/- രൂപ 2512004-Medicines എന്ന ഹെഡിൽ വകയിരുത്തിയിട്ടുണ്ടെന്നും, എന്നാൽ വെറ്റിനറി ആശുപത്രി പുനരുദ്ധാരണത്തിനായി ചെലവഴിച്ച ബാക്കി 56,649/- രൂപ ബജറ്റിൽ വകയിരുത്തുവാൻ വിട്ടുപോയി |
| 2 | 2512009 | Sanitation | 0 | 1,47,080/- | ബജറ്റിൽ വകയിരുത്താൻ വിട്ടുപോയി |
| 3 | 2514101 | Anganwadi Nutrition | 0 | 18,04,128/- | ഈ ഇനത്തിലുള്ള ചെലവിനായി 2514102-Other Nutrition Distribution Programme-General എന്ന ഹെഡിലാണ് തുക വകയിരുത്തിയിട്ടുള്ളതെന്ന് മറുപടി ലഭ്യമാക്കി. എന്നാൽ പ്രസ്തുത ഹെഡിൽ വകയിരുത്തിയ 13,00,000/- രൂപയിൽ 11,28,870/- രൂപ പ്രസ്തുത ഇനത്തിൽ തന്നെ ചെലവഴിച്ചിട്ടുണ്ട്. |

ബജറ്റിൽ ഉൾപ്പെടുത്താത്ത തുക ചെലവഴിക്കുന്നത് നിയമവിധേയമല്ല. പരിഷ്കരിച്ച ബജറ്റ് തയ്യാറാക്കി അംഗീകരിച്ച് ചെലവ് നടത്തേണ്ടതാണ്.

2. ബജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ തുക ചെലവഴിച്ചു. ഉദാഹരണങ്ങൾ ചുവടെ.

| ക്രമ നമ്പർ | ഹെഡ്(ബജറ്റ് പ്രകാരം) | ഇനം | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ് പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 2501001 | Agriculture & Related Sectors-Paddy | 20,000/- | 34,700/- |
| 2 | 2501002 | Agriculture & Related Sectors-Other Crops | 1,50,000/- | 3,76,416/- |
| 3 | 2501046 | Dairy Development- Storage & Marketing | 5,00,000/- | 9,89,050/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.09/25.08.2021) ലഭ്യമാക്കിയ മറുപടിയിൽ വാർഷിക പദ്ധതിയിൽ പ്രോജക്ടിൽ ഉൾപ്പെടുത്തിയാണ് ഇത്തരത്തിൽ തുക ചെലവഴിച്ചിട്ടുള്ളതെന്നും എന്നാൽ ഇത്തരം ചെലവുകൾ ശ്രദ്ധയിൽപ്പെടാതെ വന്നത് മൂലമാണ് ബജറ്റിലും റിവൈസ്ഡ് ബജറ്റിലും തുക വകയിരുത്തുവാൻ വിട്ടു പോയിട്ടുള്ളതെന്നും അറിയിച്ചു.

<u>1-1-2 ബജറ്റ് വിഹിതം ചെലവഴിക്കുന്നതിൽ അപാകത</u>

2019-20 സാമ്പത്തിക വർഷത്തെ ബജറ്റിൽ/ പരിഷ്കരിച്ച ബജറ്റിൽ വകയിരുത്തിയ വിവിധ ഇനങ്ങളിൽ തുക ചെലവഴിച്ചിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ.

| ക്രമ നമ്പർ | ഹെഡ് (ബജറ്റ് പ്രകാരം) | ഇനം | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ് പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 2501003 | Agriculture Development Programs | 2,50,000/- | 0 |
| 2 | 2501004 | Agriculture & Related Sectors- Animal Husbandry | 10,00,000/- | 0 |
| 3 | 2501008 | Agriculture And Related Sectors-Watershed Management | 5,00,000/- | 0 |
| 4 | 2501009 | Agriculture & Related Sectors- Coconut | 5,00,000/- | 0 |
| 5 | 2501011 | Agriculture & Related Sectors- Vegetables | 10,00,000/- | 0 |

ബജറ്റ് രൂപീകരണ സമയത്ത് ഇത്തരത്തിലുള്ള പദ്ധതികൾ ഉൾപ്പെടുത്തണം എന്നുള്ള നിർദ്ദേശം സ്റ്റാന്റിംഗ് കമ്മിറ്റികളിലും പഞ്ചായത്ത് കമ്മിറ്റിയിലും വന്നിട്ടുള്ളതുകൊണ്ടാണ് ഇത്തരത്തിൽ തുക വകയിരുത്തിയതെന്നും എന്നാൽ, പരിഷ്കരിച്ച ബജറ്റിൽ ഈ ഇനത്തിലുള്ള വകയിരുത്തലുകൾ ഒഴിവാക്കാൻ വിട്ട് പോയതാണെന്നും ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.09/25.08.2021) മറുപടി ലഭ്യമാക്കി. പ്രസ്തുത മറുപടി അംഗീകരിക്കത്തക്കതല്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങളും വിധേയമായി വാർഷിക ബജറ്റ് രൂപീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 26.05.2020 | -- | -- |

## 1-2-1 വാർഷികധനകാര്യ പത്രിക തയ്യാറാക്കിയതിൽ അപാകതകൾ

1. CFC ഗ്രാന്റ് എ.സി.ആർ പ്രകാരമുള്ള വരവ്(3543274) വാർഷിക ധനകാര്യ പത്രികയുമായി (2911274) പൊരുത്തപ്പെടുന്നില്ല. ക്യൂബില്ലിൽ ഉൾപ്പെട്ടിട്ടുള്ള ധനകാര്യകമ്മീഷൻ ഗ്രാന്റ് വിഹിതം 632000/- രൂപ ഉൾപ്പെടെയാണ് എ.സി.ആർ-ൽ വന്നിട്ടുള്ളതെന്നാണ് വിശദീകരണം
2. KURDFC ലോൺ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ വരവ്, തിരിച്ചടവ്, ബാലൻസ് കൃത്യത പരിശോധിക്കാൻ കഴിയുന്നില്ല
3. ഫെസ്റ്റിവൽ അഡ്വാൻസ് രജിസ്റ്റർ പ്രകാരമുള്ള തുക എ.എഫ്.എസുമായി പൊരുത്തപ്പെടുന്നില്ല

| | എ.എഫ്.എസ് പ്രകാരം | രജിസ്റ്റർ പ്രകാരം |
|---|---|---|
| നൽകിയ തുക | 158000 | 155000 |
| തിരികെ ഈടാക്കിയത് | 4000 | 155000 |

4. ഫെസ്റ്റിവൽ അഡ്വാൻസ്- 2018-19 ലെ ബാലൻസ്ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുകയായ 3000/- രൂപ തൻവർഷവും ലഭിച്ചിട്ടില്ല. ഇത് ആർക്ക്, ഏത് വർഷം നൽകിയതാണെന്നതിന് മറുപടിയായി 2020-21 ലെ ബാലൻസ്ഷീറ്റ് പ്രകാരം നീക്കിയിരിപ്പില്ല എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. ആയത് 2020-21 ൽ ക്രമീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്
5. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, പ്രതിമാസ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ സെക്രട്ടറി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല
6. Advance To Implementing Officer ഇനത്തിൽ 79030/- രൂപ ചെലവഴിച്ചിട്ടുള്ളതിൽ 16867/- രൂപ ബാലൻസ് ഷീറ്റ് പ്രകാരം ക്രമീകരിക്കാനവശേഷിക്കുന്നു. ഇത് കോൺട്രാക്ടർമാരുടെ റീടെൻഷൻതുക മടക്കിനൽകിയത് ഹെഡ് മാറി പോസ്റ്റ് ചെയ്തതെന്നാണ് വിശദീകരണം
7. ഡിപ്രീസിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ B-11 പ്രകാരം ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയതിന്റെ നിരക്ക്, കൃത്യത എന്നിവ വ്യക്തമല്ല
8. Reconciliation-
    1. Treasury TSB, Grameen Bank- Biodiversity, DCB- Kattakada എന്നീ അക്കൗണ്ടുകളുടെ ബാങ്ക് റീകൺസിലിയേഷൻ, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല
    2. Grameen Bank Ownfund റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 23/3/2020 ഡെപ്പോസിറ്റ് ചെയ്ത ചെക്ക് നം. 2740759 (തുക 1250), 29/2/2020 ഡെപ്പോസിറ്റ് ചെയ്ത ചെക്ക് നം. 7269798 (തുക 21250) എന്നിവ പണമാക്കിയിട്ടില്ലായെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ പ്രസ്തുത തുക ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത് 30.04.2020 നാണ്. കൂടാതെ 17/2/2020, 17/9/20 തീയതികളിൽ ഡെപ്പോസിറ്റ് ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ള ചെക്കുകളും ബാങ്ക് പാസ്സ്ബുക്ക് പരിശോധിച്ചതിൽ പ്രസ്തുത തീയതിയിൽ ഡെപ്പോസിറ്റ് ചെയ്തതായി കാണുന്നില്ല. റിക്കൺസിലിയേഷനിൽ വന്ന അപാകതമൂലമാണ് അപാകത സംഭവിച്ചതെന്ന് മറുപടി നൽകി. റിക്കൺസിലിയേഷൻ കൃത്യമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.
9. ഡെപ്പോസിറ്റ് വർക്ക് തുക നൽകിയത്- വാർഷികധനകാര്യപത്രികയും, സുലേഖ ചെലവ്പത്രികയുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ഖ. 4-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
10. വസ്തുനികുതി- സഞ്ചയപത്രികയും, വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

11. തൊഴിൽ നികുതി, ഡി&ഒ ലൈസൻസ്, ലേലം, വാടക രജിസ്റ്ററുകളിൽ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കാത്തതിനാൽ വാർഷികധനകാര്യപത്രിക പ്രകാരമുള്ള വരവിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.
12. വാർഷികധനകാര്യപത്രിക (I-18) പ്രകാരം വിവിധ വരവിനങ്ങളുടെ ഡിമാന്റിൽ മാറ്റംവരുത്തിയിട്ടുണ്ട്. ഇതിന് പ്രത്യേക കമ്മിറ്റി തീരുമാനമെടുത്തിട്ടില്ല
13. വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റിൽ (B-14 Stock In Hand (Inventories)) ഉൾപ്പെടുത്തിയിട്ടില്ല.
14. 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 62 (എഫ്) പ്രകാരം അടിസ്ഥാന അനുപാതങ്ങൾ കണക്കാക്കി വാർഷിക ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് (എ.സി.ആർ പ്രകാരമുള്ളത്) | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 19790715 | 19790715 | 16411284 | 3379431 |
| വികസന ഫണ്ട് (SCP) | 0 | 13634118 | 13634118 | 8845210 | 4788908 |
| വികസന ഫണ്ട് (TSP) | 0 | 71147 | 71147 | 71147 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied Basic Grant) | 0 | 17270257 | 17270257 | 3543274 (*) | 13726983 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 24215000 | 24215000 | 6844661 | 17370339 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 0 | 6519000 | 6519000 | 3951881 | 2567119 |

(*)- വാർഷികധനകാര്യപത്രിക പ്രകാരമുള്ള തുകയുമായി(2911274) പൊരുത്തപ്പെടുന്നില്ല.

## 1-3-1 പദ്ധതി ഫണ്ട് ചെലവുകൾ-വാർഷിക ധനകാര്യപത്രികയിലെയും ഗ്രാന്റ് വിനിയോഗ പത്രികയിലെയും ചെലവ് തുകകളിൽ ചുവടെ ചേർക്കും പ്രകാരം വ്യത്യാസം നിലനിൽക്കുന്നു.

| ഫണ്ട് ഇനം | ഗ്രാന്റ് പത്രിക പ്രകാരമുള്ള ചെലവ് | എ.എഫ്.എസ്സ്.ACR (RP-7)പ്രകാരമുള്ള Aചെലവ്. | അപാകതയ്ക്ക് വിശദീകരണം |
|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 19201884 | 16411284 | ജി.ഒ. പ്രോജക്ടായ 236/20, 237/20 എന്നിവയ്ക്കായി ആകെ ചെലവായിട്ടുള്ള 2790600/- രൂപ എ.സി.ആർ. റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടില്ലായെന്നാണ് വിശദീകരണം |
| വികസന ഫണ്ട് (SCP) | 9301092 | 8845210 | ജി.ഒ. പ്രോജക്ടായ 238/20 പ്രകാരം ചെലവായ 455822/- രൂപ എ.സി.ആർ. റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടില്ലായെന്ന് മറുപടി ലഭ്യമാക്കി |
| വികസന ഫണ്ട് (TSP) | 78500 | 71147 | ജി.ഒ. പ്രോജക്ടായ 239/20 പ്രകാരം ചെലവായിട്ടുള്ള 7353/- രൂപ എ.സി.ആർ. |

റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടില്ലായെന്ന് മറുപടി ലഭ്യമാക്കി.

## 1-3-2 വകയിരുത്തിയ വിഹിതം ചെലവഴിക്കാതെ പാഴായി

സ.ഉ(കൈ) നം.11/2018/ത.സ്വ.ഭ.വ തീയതി.29.01.2018 ഖണ്ഡിക 3-4 ൽ വികസനഫണ്ട്, മെയിന്റനൻസ് ഫണ്ട് പ്രോജക്ട് വിഹിതങ്ങൾ സംസ്ഥാന ബജറ്റിന്റെ അനുബന്ധം-4 പ്രകാരമുള്ള തുകയ്ക്ക് അനുസൃതമായിരിക്കണം വകയിരുത്തേണ്ടതെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ബജറ്റിന് അധികമുള്ള തുകയ്ക്കാണ് വകയിരുത്തിയിട്ടുള്ളത്. കൂടാതെ ആകെ പദ്ധതിവിഹിതത്തിന്റെ 52% മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. 48% ചെലവഴിക്കാതെ പാഴാക്കിയിരിക്കുന്നു.

| ഫണ്ടിനം | സംസ്ഥാന ബജറ്റിന്റെ അനുബന്ധം-4 പ്രകാരം വകയിരുത്തിയ തുക | പ്രോജക്ട് പ്രകാരം വകയിരുത്തിയത് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| വികസനഫണ്ട്(പൊ.വി) | 22593000 | 24945108 | 19201884 | 77% |
| വികസനഫണ്ട്(എസ്.സി.പി) | 14090000 | 14590000 | 9301092 | 64% |
| വികസനഫണ്ട്(ടി.എസ്.പി) | 292000 | 292000 | 78500 | 27% |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 6519000 | 7022856 | 3951881 | 56% |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 24215000 | 29029436 | 6844661 | 24% |

1. സംസ്ഥാന ബജറ്റിന്റെ അനുബന്ധം-4 ൽ അധികരിച്ചിട്ടുള്ള തുക സർക്കാർ നിർദ്ദേശപ്രകാരം സ്പിൽ ഓവർ പ്രോജക്ടുകൾക്കായി വകയിരുത്തിയ തുകയാണെന്നും, 2019 നവംബർ മാസത്തിൽ ട്രെഷറി നിയന്ത്രണം വന്നതിനാലും, 2020 ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ കോവിഡ് വ്യാപനം ഉണ്ടായതിനാലുമാണ് പദ്ധതി വിഹിതത്തിലെ ചെലവിൽ കുറവ് വന്നതെന്നാണ് മറുപടി നൽകിയിട്ടുള്ളത്.
ടി.എസ് ഫണ്ടിന്റെ ചെലവിൽ വന്ന വൻ കുറവിന് വിശദീകരണം നൽകേണ്ടതാണ്.

## 1-3-3 മേഖലാവകയിരുത്തൽ അപാകതകൾ

വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ(കൈ)നം. 11/2018/തസ്വഭവ തീയതി. 29.01.2018) പ്രകാരം വിവിധ മേഖലാ വകയിരുത്തലുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1. മാർഗ്ഗരേഖ ഖ. 5.4.1(10) പ്രകാരം വികസന ഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയിൽ നിന്നും ഏറ്റവും കുറഞ്ഞത് 10% വനിതഘടക പദ്ധതിയിക്ക് വകയിരുത്തേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. ഇത്തരത്തിൽ വകയിരുത്തൽ നടത്തിയിട്ടുണ്ടെങ്കിലും ഇതിന്റെ 37.5% മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. കൂടാതെ വനിതാഘടകപദ്ധതിയല്ലാത്ത കിഴങ്ങ് വിള വിത്ത് വിതരണം എന്ന പ്രോജക്ട് ഈ വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.
2. ഖ. 5.4.1(11) പ്രകാരം പൊതുവിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, റ്റി.എസ്.പി എന്നിവയുടെ ആകെ തുകയുടെ കുറഞ്ഞത് 5% കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ് ജെൻഡേഴ്സ് എന്നിവരുടെ വികസനത്തിനു വകയിരുത്തിയിട്ടുണ്ടെങ്കിലും ചെലവ് 43% മാത്രമാണ്
3. ഖ. 5.4.1(4) പ്രകാരം വികസന ഫണ്ടിലെ സാധാരണ വിഹിതത്തിൽ നിന്നും ഏറ്റവും കുറഞ്ഞത് 10% മാലിന്യസംസ്കരണത്തിനും, ജലസംരക്ഷണത്തിനും പ്രാധാന്യം കൊടുത്തുകൊണ്ട് ഹരിതകേരളമിഷൻ പ്രോജക്ടുകൾക്ക് വകയിരുത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ വകയിരുത്തൽ നടത്തിയിട്ടില്ല
4. ഖ. 6.1, 6.2 എന്നിവ പ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ ഉപപദ്ധതിവിഹിതം പാഴാക്കാനോ, വകമാറ്റിചെലവഴിക്കാനോ പാടില്ല എന്നിരിക്കെ പട്ടികജാതി ഉപപദ്ധതിക്കായി ലഭിച്ച 36% തുകയും, പട്ടികവർഗ്ഗ

ഉപപദ്ധതിക്കായി ലഭിച്ച പകുതിയിലധികം (73%) തുകയും പാഴാക്കിയിരിക്കുന്നു.

## 1-3-4 പ്രത്യേകആവശ്യങ്ങൾക്കായി ലഭിച്ച ഫണ്ടുകൾ ചെലവഴിക്കാതെ ബാധ്യതയായി അവശേഷിക്കുന്നു

വിവിധ ഏജൻസികളിൽ നിന്ന് പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ച ഫണ്ടുകൾ മുൻവർഷം ചെലവഴിക്കാത്തത് തൻവർഷവും ചെലവഴിക്കാതെ അവശേഷിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | തുക |
|---|---|
| 320100110- IAY | 340000 |
| 320200309- Literacy Scheme Grant | 300945 |
| 320200322- Grant From Suchithwa Mission | 54190 |
| 320700104- Grant From Block Panchayat (Capital Expenditure) | 676000 |
| 320700204- Grant From Block Panchayat (Revenue Expenditure) | 779564 |
| 320700304- Grant From Block Panchayat (Capital Expenditure) | 49000 |
| 320700205- Grant From District Panchayat | 485458 |

ഇത് ഏത് ആവശ്യത്തിനായി ഏത് സാമ്പത്തിക വർഷം ലഭിച്ച തുകയാണ് എന്ന് വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. തുക നാളിതുവരെ ചെലവഴിച്ചിട്ടില്ലായെങ്കിൽ നൽകിയ ഏജൻസിക്ക് തിരികെ നൽകാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 228 | 200937284 | 111 | 102645928 | - | 117 | 49 |

വിവിധ പദ്ധതികൾക്കായി വകയിരുത്തിയ ഫണ്ടിന്റെ 51 ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. നടപ്പാക്കാൻ അംഗീകാരം ലഭിച്ചതിൽ 49 ശതമാനം പദ്ധതികൾ മാത്രമേ പൂർത്തീകരിക്കാൻ സാധിച്ചിട്ടുള്ളൂ. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് തടസ്സമാകുന്നതും ക്ഷേമപ്രവർത്തനങ്ങൾ സാക്ഷാത്ക്കരിക്കാത്ത നിലയുമാണ് ഇതിലൂടെ സംജാതമാകുന്നത്. ഭരണസംവിധാനത്തിൽ ക്രിയാത്മക ഇടപെടലുകൾ നടത്തി മുന്നോട്ടുള്ള വികസന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നതിന് ലഭ്യമായ ഫണ്ട് വിനിയോഗിക്കുന്നതിന് പ്രാമുഖ്യം നൽകേണ്ടതാണ്. 50 ശതമാനത്തോളം തുക ലാപ്സായിപോകുന്നത് ഗൗരവമായി പരിശോധിച്ച് പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തി പദ്ധതികൾ നടപ്പാക്കുന്നതിന് ക്രിയാത്മക നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 29040.04 | 2553294.00 | 2582334.04 | 1488409.04 | 1093925.00 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 41351000.00* | 41351000.00 | 41351000.00 | 0 |
| ആകെ | 29040.04 | 43904294.00 | 43933334.04 | 42839409.04 | 1093925.00 |

## 1-5-1 തൊഴിലുറപ്പ് പദ്ധതി പ്രവർത്തനം അവലോകനം

2019- 2020 സാമ്പത്തികവർഷത്തെ NREGS – ന്റെ പ്രവർത്തനത്തെ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.12/25.08.2021)-ന ലഭ്യമാക്കിയ മറുപടി പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2019-20സാമ്പത്തിക വർഷം തൊഴിൽ കാർഡ് എടുത്തവരുടെ എണ്ണം | 6325 |
| 2019-20സാമ്പത്തിക വർഷം പദ്ധതിയുമായി സഹകരിച്ചവരുടെ എണ്ണം | 3079 |
| 2019-20സാമ്പത്തികവർഷം തൊഴിൽ ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | 3079 |
| 100ദിവസത്തേയ്ക്കുള്ള തൊഴിൽ ഒന്നിച്ച് ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | ഇല്ല |
| തൊഴിൽകാർഡ് ലഭിക്കാൻ 14 ദിവസത്തിലധികം താമസമുണ്ടായവ | ഇല്ല |
| 15 ദിവസത്തിനകം തൊഴിൽ നല്കാനാകാതെ തൊഴിൽരഹിതവേതനം നല്കേണ്ടി വന്നവ | ഇല്ല |
| ബാങ്ക് അക്കൗണ്ട് ഇല്ലാത്ത തൊഴിൽ കാർഡ് ഉടമകൾ | ഇല്ല |
| 14 ദിവസത്തേക്ക് ഒന്നിച്ച് തൊഴിൽ ഡിമാന്റ് ചെയ്തവർ | 2749 |
| ഗ്രാമപഞ്ചായത്തിലെ അയൽക്കൂട്ടങ്ങളുടെ എണ്ണം | 264 |
| തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം | 264 |
| ആവശ്യമായ തൊഴിൽദിനങ്ങൾ നിർദ്ദേശിച്ച അയൽക്കൂട്ടങ്ങൾ | 264 |
| പഞ്ചായത്തിലെ ആകെ വാർഡുകളുടെ എണ്ണം | 21 |
| ലേബർ ബഡ്ജറ്റ് തയ്യാറാക്കിയ ഗ്രാമസഭകളുടെ എണ്ണം | 21 |
| സോഷ്യൽ ഓഡിറ്റ് നടത്തിയ ഗ്രാമസഭകളുടെ എണ്ണം | 2 |
| ലേബർ ബജറ്റ് പ്രകാരം വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | 690 |
| സാങ്കേതിക അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം | 396 |
| തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 348 |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട ശരാശരി തൊഴിൽ ദിനങ്ങൾ | 38.82% |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം | 143428 |
| പരാതിരജിസ്റ്റർ പരിപാലനം | ഉണ്ട് |
| തൊഴിലാളികൾക്ക് ആവശ്യമായ അനുബന്ധ സൗകര്യങ്ങൾ | ഉണ്ട് |
| പരാതി പരിഹാര സംവിധാനത്തെ സംബന്ധിച്ച ബോർഡ് | ഉണ്ട് |
| അയൽക്കൂട്ടം, ഗ്രാമസഭ എന്നിവിടങ്ങളിൽ ചർച്ച ചെയ്യാതെ രൂപം കൊടുത്ത പദ്ധതികൾ | ഇല്ല |
| ആസ്തിരജിസ്റ്റർ | ഉണ്ട് |
| ലേബർ കമ്പോണന്റ് | 395.57 ലക്ഷം |
| | |

| | |
|---|---|
| മെറ്റീരിയൽ കമ്പോണന്റ് | 21.16 ലക്ഷം |
| ആകെ വരവ് | 43933334.04 |
| ആകെ ചെലവ് | 42839409.04 |

| തൊഴിൽദിനങ്ങൾ | തൊഴിൽകാർഡ് ഉടമകളുടെ എണ്ണം |
|---|---|
| 100 ദിനങ്ങൾ | 163 |
| 80-99 | 342 |
| 70-79 | 325 |
| 60-69 | 337 |
| 50-59 | 316 |
| 50 ൽ താഴെ | 1266 |

## 1-5-2 സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ- ചട്ട പ്രകാരമല്ല

തൊഴിലുറപ്പ് പദ്ധതി മുഖാന്തിരം നടപ്പിലാക്കുന്ന എല്ലാ പ്രോജക്കുകളിലും സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കണമെന്ന് ഗ്രാമവികസന മന്ത്രാലയം പുറത്തിറക്കിയ സർക്കുലർ നം. K-11023/1/1/2017- MGNREGA (IV), തീയതി 07.04.2017 പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ, വർക്ക് ഫയലിനോടൊപ്പം ബോർഡിന്റെ ബിൽ, ഫോട്ടോ എന്നിവ സൂക്ഷിക്കണമെന്നും നിർദ്ദേശമുണ്ട്. എന്നാൽ, ഫയലുകളിൽ ഫോട്ടോ സൂക്ഷിച്ചിട്ടില്ല. ഫയലിൽ ലഭ്യമാക്കിയ ബില്ലിൽ ബോർഡ് തയ്യാറാക്കിയിട്ടുള്ള മെറ്റീരിയൽ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (48/01.09.2021) ലഭ്യമാക്കിയ മറുപടിയിൽ പ്രവർത്തി ആരംഭിക്കുന്നതിനു മുന്നെ സി ഐ ബി സ്ഥാപിച്ച് ബിഫോർസ്റ്റേജ് ഫോട്ടോ ജിയോടാഗിംഗ് ചെയ്താൽ മാത്രമേ മസ്റ്റർറോൾ ജനറേറ്റ് ചെയ്യാൻ സാധിക്കുകയുള്ളൂവെന്നും, During Photo-യും After Photo-യും സി ഐ ബി ഉൾപ്പെടെ ജിയോടാഗ് ചെയ്താൽ മാത്രമേ വർക്ക് കംപ്ലീഷൻ എം ഐ എസ്-ൽ നൽകാൻ കഴിയുകയുള്ളൂവെന്നും അറിയിച്ചു. കൂടാതെ സി ഐ ബി-കളുടെ ഫണ്ട് റിക്വസ്റ്റിൽ സി ഐ ബി-യുടെ ഫോട്ടോ സഹിതം ആണ് ഫണ്ട് റിക്വസ്റ്റ് തയ്യാറാക്കി പേയ്മെന്റിന് വേണ്ടി സമർപ്പിക്കുന്നതെന്നും ആയതിനാലാണ് സി ഐ ബി-യുടെ ഫോട്ടോ ഫയലിൽ സൂക്ഷിക്കാത്തതെന്നും മറുപടി ലഭ്യമാക്കി. കൂടാതെ സെക്വയർ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ഒരുമിച്ചാണ് സി ഐ ബി-യുടെ തുക നൽകുന്നതെന്നും ആയത് കാരണം എസ്റ്റിമേറ്റ്-ൽ നൽകിയിരിക്കുന്ന തുക മാത്രമാണ് ബില്ല് ബുക്കിൽ രേഖപ്പെടുത്തുവാൻ സാധിക്കുന്നതെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ, മറുപടി പ്രകാരമുള്ള വിവരങ്ങൾ സാധൂകരിക്കുന്ന രീതിയിലുള്ള രേഖകൾ ഫയലിൽ ലഭ്യമല്ല. ആയതിനാൽ, സ്ഥാപിക്കപ്പെട്ടിട്ടുള്ള ബോർഡുകൾ ചട്ടപ്രകാരമാണോ എന്ന് ഉറപ്പാക്കാനായിട്ടില്ല.

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 591240 | 749 |
| കർഷകതൊഴിലാളി പെൻഷൻ | 2394000 | 395 |
| വിധവാപെൻഷൻ | 10552200 | 1706 |
| വാർദ്ധക്യകാലപെൻഷൻ | 17356500 | 2766 |
| | | |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 3351300 | 524 |
| വിവാഹധന സഹായം | 390000 | 13 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 586800 | 93 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 31.08.2021 തീയതിയിൽ 03.10 PM-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 60,193/- രൂപയുടെ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

- ഓഫിസ് ഭരണസംവിധാനം പ്രവർത്തനക്ഷമമാണെങ്കിലും, മെച്ചപ്പെട്ട സേവനങ്ങൾ സമയബന്ധിതമായി പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതിന് സുതാര്യവും നീതിയുക്തവുമായ പ്രവർത്തനങ്ങൾ ക്ക് പ്രാമുഖ്യം നൽകേണ്ടതുണ്ട്. വാർഷിക ധനകാര്യ പത്രികയിലെ രേഖപ്പെടുത്തലുകൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ കൃത്യമായി സൂക്ഷിക്കുന്നില്ല.
- തനത് വരവ് പിരിച്ചെടുക്കുന്നതിൽ പോരായ്മകൾ നിലനിൽക്കുന്നു. സഞ്ചയ സോഫ്റ്റ്‌വെയറിൽ പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന എല്ലാ വ്യാപാര സ്ഥാപനങ്ങളും ഉൾപ്പെടുത്തി ഡെയ്ഡ്രേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നില്ല.
- വരവിനങ്ങളുടെ രജിസ്റ്ററുകൾ ആധികാരികമായി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതിൽ ജാഗ്രതക്കുറവ്.
- തൊഴിൽ നികുതിയ്ക്ക് ഡിമാന്റ് നോട്ടീസ് നൽകുന്നുണ്ടെങ്കിലും പൂർണ്ണമായും നികുതി പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നില്ല.
- സ്പിൽ ഓവർ ആകുന്ന പദ്ധതികൾ സ്പിൽ ഓവർ ആകുന്ന വർഷം തന്നെ പൂർത്തീകരിക്കുന്നില്ല.
- വിവിധ പദ്ധതികളുടെ ഭാഗമായി ഗുണഭോക്തൃ വിഹിതം നേരിട്ട് നൽകുന്ന വേളയിൽ അർഹരായവർക്ക് ആയത് ലഭിച്ചു എന്ന് പരിശോധിച്ച് ഉറപ്പാക്കുന്നതിന് ബാങ്ക് പാസ്സ് ബുക്ക് രേഖകളും വെബ് സാംഖ്യ സ്റ്റേറ്റ്മെന്റും ഫയലിൽ സൂക്ഷിക്കുന്നില്ല.
- ഗുണഭോക്തൃ വിഹിതം വകയിരുത്തി വളം വാങ്ങി വിതരണം ചെയ്ത കാർഷിക പദ്ധതികളിൽ കേരള ആഗ്രോ ഇൻഡസ്ട്രീസിന് വികസനഫണ്ട് നൽകി മാസങ്ങൾക്ക് ശേഷമാണ് ഗുണഭോക്തൃവിഹിതം ഈടാക്കിയിരിക്കുന്നത്.
- പഞ്ചായത്തിന്റെ ആസ്തി സംരക്ഷണത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. ആസ്തി സംരക്ഷണ കമ്മിറ്റി രൂപീകരിക്കുകയോ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുകയോ ചെയ്തിട്ടില്ല.
- പദ്ധതി വിഹിതം, ഗ്രാന്റിന്റെ ഫലപ്രദമായ ഉപയോഗം എന്നിവയിൽ ജാഗ്രതക്കുറവുണ്ട്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 28.10.2019 | 07/2019മുതൽ 09/2019വരെ | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.06.2020 മുതൽ 12.06.2020 വരെ | 2015-16 മുതൽ 2019-20 വരെ | 15.07.2020 |

## 1-10 രസീത് പരിശോധന- അപാകതകൾ

2019-2020 സാമ്പത്തിക വർഷത്തെ രസീത് പരിശോധനയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

## 1-10-1 രസീതുകളുടെ ക്യാൻസലേഷൻ

രസീതുകളുടെ ക്യാൻസലേഷൻ – നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

| ക്രമ നമ്പർ | രസീത് ബുക്ക് നമ്പർ | രസീത് നമ്പർ | അപാകത |
|---|---|---|---|
| 1 | 21904 | 20,37,47 | ക്യാൻസൽ ചെയ്തതിന് കാരണം രേഖപ്പെടുത്തുകയോ, സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല |
| 2 | 61926 | 52 | |
| 3 | 61932 | 43,44 | |
| 4 | 61933 | 2,3 | |
| 5 | 61939 | 4-9 | |
| 6 | 61942 | 26-100 | സാമ്പത്തിക വർഷം അവസാനിച്ചിട്ടും രസീതുകൾ ക്യാൻസൽ ചെയ്തിട്ടില്ല. |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.47/01.09.2021) ലഭ്യമാക്കിയ മറുപടിയിൽ സാമ്പത്തിക വർഷം അവസാനിക്കുകയും, രസീത് ബുക്കുകൾ മുൻ സെക്രട്ടറിയുടെ കാലയളവിലുള്ളതും ആയതിനാൽ രസീതുകൾ ക്യാൻസൽ ചെയ്യാൻ കഴിയില്ലായെന്നും മേൽ അപാകത ആവർത്തിക്കാതെയിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-10-2 രസീത് തുക അടവാക്കിയതിൽ കുറവ്

1. ഔട്ട് ഡോർ കളക്ഷൻ രജിസ്റ്ററിലേയും രസീതിലേയും തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നമ്പർ | ബുക്ക് നമ്പർ | രസീത് നമ്പർ/ തീയതി | രസീത് പ്രകാരമുള്ള തുക | ഔട്ട് ഡോർ കളക്ഷൻ രജിസ്റ്റർ പ്രകാരമുള്ള തുക | വ്യത്യാസം |
|---|---|---|---|---|---|
| 1 | 61932 | 89/17.02.20 | 2218/- | 2056/- | 162/- |
| 2 | 61932 | 82/09.02.20 | 3000/- | 2970/- | 30/- |
| 3 | 21904 | 41/04.11.19 | 239/- | 229/- | 10/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.47/01.09.2021-ന്റെ അടിസ്ഥാനത്തിൽ 03.09.2021 തീയതിയിലെ 121120102533 നമ്പർ രസീത് പ്രകാരം തുക അടവാക്കിയിട്ടുണ്ട്.

2. രസീത് തുക അടവാക്കിയതിൽ കുറവ്

| ക്രമ നമ്പർ | ബുക്ക് നമ്പർ | രസീത് നമ്പർ/തീയതി | അടവാക്കിയ തുക | അടവാക്കേണ്ട തുക |
|---|---|---|---|---|
| 1 | 61930 | 96-100 20.12.2019 | 7283/- | 7313/- |
| | 61934 | 1-10 20.12.2019 | | |
| 2 | 21904 | 25 29.10.2019 | - | 80/- |
| 3 | 21904 | 90-95 29.11.2019 | 1231/- | 1251/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.47/01.09.2021-ന്റെ അടിസ്ഥാനത്തിൽ 03.09.2021 തീയതിയിലെ 121120102523 നമ്പർ രസീത് പ്രകാരം തുക അടവാക്കിയിട്ടുണ്ട്.

3. 18.02.2020 തീയതിയിലെ (ബുക്ക് നമ്പർ 61940- രസീത് നമ്പർ 13-25) ആകെ കളക്ഷൻ തുക 9315/-(8638+677) രൂപയാണ്. ഇതിൽ 677/- രൂപ അന്നേ ദിവസം ഒടുക്കിയിട്ടില്ല. 24.02.2020 തീയതിയിലെ കളക്ഷൻ തുകയോടൊപ്പം 677/- രൂപയിൽ 458/-രൂപ അടവാക്കിയിട്ടുണ്ട്.ബാക്കി 219/- രൂപ ഒടുക്കുവരുത്തിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.47/01.09.2021-ന്റെ അടിസ്ഥാനത്തിൽ 03.09.2021 തീയതിയിലെ 121120102531 നമ്പർ രസീത് പ്രകാരം തുക അടവാക്കിയിട്ടുണ്ട്.

## 1-10-3 രസീത് ബുക്കുകൾ ഹാജരാക്കിയിട്ടില്ല

2019-2020 സാമ്പത്തിക വർഷത്തെ ചുവടെ ചേർക്കുന്ന രസീത് ബുക്കുകൾ ഹാജരാക്കിയിട്ടില്ല.

1. 21905
2. 61926
3. 61931
4. 61936
5. 61937
6. 61943
7. 61944
8. 61945

ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.49/01.09.2021 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയിട്ടില്ല. രസീതു ബുക്കുകളുടെ അഭാവം സാമ്പത്തിക അച്ചടക്കരാഹിത്യമായി വിലയിരുത്തുന്നു.

## 1-10-4 രസീതുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് (വാല്യം 1) ആർട്ടിക്കിൾ 92(ബി) കുറിപ്പ് 2 പ്രകാരം ഓരോ രസീത് ബുക്കും അവ കൈപ്പറ്റിയ ഉടൻ ഫോറങ്ങളുടെ എണ്ണം പരിശോധിച്ച് നിശ്ചിത മാതൃകയിലുള്ള സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് പുറം ചട്ടയുടെ ഉൾഭാഗത്ത് ചേർക്കേണ്ടതാണ്. എന്നാൽ, 2019-2020 സാമ്പത്തിക വർഷത്തെ രസീത് ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തുന്നില്ല. ഉദാ- ബുക്ക് നമ്പർ- 61928, 61926,61945.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.47/01.09.2021) ലഭ്യമാക്കിയ മറുപടിയിൽ മേൽ അപാകതകൾ ആവർത്തിക്കില്ലായെന്ന് അറിയിച്ചിട്ടുണ്ട്. രസീത് ബുക്കുകളുടെ കൃത്യമായ പരിപാലനം ഉറപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 സ്ഥാപനത്തിന്റെ തനത് വരുമാന സ്രോതസ്സുകൾ- ജാഗ്രത പുലർത്തേണ്ടതാണ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്ന നിലയിൽ ഗ്രാമപഞ്ചായത്തുകൾ വികസന, സാമൂഹിക – ക്ഷേമപ്രവർത്തനങ്ങൾക്ക് ഫണ്ട് കണ്ടെത്തുക എന്നത് പ്രധാനമാണ്. അതുകൊണ്ട് തന്നെ പഞ്ചായത്തിന്റെ എല്ലാ വരുമാന സ്രോതസ്സുകൾ കണ്ടെത്തുക എന്നതും അവയിൽ നിന്നും വരുമാനങ്ങളും ലഭ്യമാകുന്നുണ്ടെന്ന് ഭരണസമിതിയും, സ്റ്റാന്റിംഗ് കമ്മിറ്റികളും ഉറപ്പു വരുത്തേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

22/10/2019 തീയതിയിലെ 6/1 നമ്പർ തീരുമാന പ്രകാരം 2019-20 സാമ്പത്തിക വർഷത്തിൽ ഒന്നാം അർദ്ധവർഷം പിന്നിട്ടിട്ടും പഞ്ചായത്തിന്റെ തനതു വരുമാനത്തിൽ പ്രതീക്ഷിത ലക്ഷ്യം കൈവരിക്കുന്നതിന് നാളിതുവരെ കഴിഞ്ഞിട്ടില്ലായെന്നും ആയതിനാൽ, ഊർജ്ജിത നികുതി പിരിവിന്റെ ഭാഗമായി പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും മൈക്ക് അനൗൺസ്മെൻറ് നടത്തുന്നതിനും 04.11.2019-തീയതി മുതൽ നികുതി സ്വീകരിക്കുന്നതിനായി പഞ്ചായത്ത് ഓഫീസിൽ പ്രത്യേക കൗണ്ടർ ആരംഭിക്കുന്നതിനുമായുള്ള നടപടികൾ സ്വീകരിക്കുന്നതിനും അനൗൺസ്മെൻറ് ഉൾപ്പെടെയുള്ള പ്രചാരണ പ്രവർത്തനങ്ങൾക്കാവശ്യമായ തുക തനതു ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. കൂടാതെ, 27/1/2020 തീയതിയിലെ 3/1 നമ്പർ തീരുമാന പ്രകാരം സാമ്പത്തിക വർഷം അവസാനിക്കാറായിട്ടും നികുതി പിരിവ് 50% പോലും ആകാത്തത്

സംബന്ധിച്ച് കമ്മിറ്റി വിശദമായി ചർച്ച ചെയ്യുകയും, നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി ക്യാമ്പ് കളക്ഷൻ സംഘടിപ്പിക്കുന്നതിനും ആയതിന് വേണ്ട തുടർ നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയും തീരുമാനിച്ചു. 02.06.2017 തീയതിയിലെ ജി.ഒ(ആർ.ടി) നം.1833/2017/ത.സ്വ.ഭ.വ ഖണ്ഡിക 3.3പ്രകാരം എല്ലാ മാസവും 10-ാം തീയതിയ്ക്ക് മുമ്പായി മുൻമാസത്തെ വരവ് ചെലവ് പത്രിക ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് മുമ്പാകെ സമർപ്പിക്കേണ്ടതും, ആയത് പരിശോധിച്ച് കമ്മിറ്റിയുടെ വിലയിരുത്തലുകൾ സഹിതം പഞ്ചായത്ത് കമ്മിറ്റിയ്ക്ക് മുമ്പാകെ സമർപ്പിക്കേണ്ടതുമാണ്. കൂടാതെ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നികുതി പിരിവിന് പോകുന്ന ജീവനക്കാർക്ക് നികുതി പിരിവ് ലക്ഷ്യം സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകേണ്ടതും ഓരോ മാസവും പ്രവർത്തനം വിലയിരുത്തേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.51/02.09.2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

പഞ്ചായത്തിന് ലഭിക്കേണ്ടതായ എല്ലാ വരുമാനങ്ങളും കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതും, രജിസ്റ്ററുകൾ തയ്യാറാക്കി വരവിന്റെ വിശദാംശങ്ങൾ കൃത്യമായി രേഖപ്പെടുത്തി അക്കൗണ്ട് ചെയ്യുന്നുണ്ടെന്ന് പരിശോധിക്കേണ്ടതുമാണ്. നികുതി- നികുതിയേതര വരുമാനങ്ങൾ ലഭിക്കുന്നതിന് വർഷാരംഭത്തിൽ തന്നെ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതും, മാസംതോറും പിരിവ് പുരോഗതി വിലയിരുത്തി പൂർണ്ണമായും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-12 വസ്തുനികുതി- അപാകതകൾ

വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട സഞ്ചയസോഫ്റ്റ് വെയർ, മറ്റ് അനുബന്ധരേഖകൾ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

I. വസ്തുനികുതി നിരക്ക് നിർണ്ണയിച്ചതിലെ അപാകതമൂലം തനത് വരുമാനത്തിൽ കുറവ് വന്നിരിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റാറന്റുകൾ,ഷോപ്പുകൾ എന്നിവയ്ക്ക് 30- രൂപ നിരക്കിലും 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ളവയ്ക്ക് 50/- രൂപനിരക്കിലും അടിസ്ഥാനവസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യസ്ഥാപനങ്ങളിൽ കുറഞ്ഞ നിരക്കിൽ വസ്തുനികുതി കണക്കാക്കിയിരിക്കുന്നു . ഉദാഹരണം ചുവടെ ചേർക്കുന്നു.

| കെട്ടിട നം./ ഉടമ | വിസ്തീർണ്ണം, ഉപയോഗക്രമം | ഗ്രാമപഞ്ചായത്ത് 30/- രൂപ നിരക്കിൽ കണക്കാക്കിയ അടിസ്ഥാന വസ്തുനികുതി | തറവിസ്തീർണ്ണത്തിന്റെ അിസ്ഥാനത്തിൽ 50/- രൂപ നിരക്കിൽ കണക്കാക്കേണ്ടിയിരുന്ന അടിസ്ഥാനവസ്തുനികുതി | അടിസ്ഥാന വസ്തുനികുതി കണക്കാക്കിയതിൽ കുറവ് |
|---|---|---|---|---|
| 3/486/A<br>ശ്രീ.ആൽബിൻരേസജ്ഞം | താഴത്തെ നില<br>(151 ച മീ )<br>ഷോപ്പ് | 4530 | 7550 | 3020 |
| 8/243/C<br>ശ്രീ.രാജീവ് | താഴത്തെ നില<br>(100.11 ച മീ )<br>ഷോപ്പ് | 3003.3 | 5005.5 | 2002.2 |
| 4/280/H<br>ശ്രീ.ബാലകൃഷ്ണൻനായർ | താഴത്തെ നില<br>(200 ച മീ )<br>ഷോപ്പ് | 6000 | 10000 | 4000 |

അപാകതയ്ക്ക് വിശദീകരണമാവശ്യപ്പെട്ടങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടങ്ങളെ തെറ്റായ ഉപയോഗക്രമത്തിലുൾപ്പെടുത്തി വസ്തുനികുതി കണക്കാക്കുകവഴി പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ട്. വസ്തുനികുതി നിർണ്ണയിച്ചതിന്റെ അപാകത മുഴുവൻ വാർഡുകളിലേതും പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധക്ഷണിക്കുന്നു.

II. മൊബൈൽ ടവറുകളുടെ വസ്തുനികുതി- കുടിശ്ശിക ഈടാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് പരിധിയിൽ 12 മൊബൈൽ ടവറുകളുള്ളതിൽ വസ്തുനികുതികുടിശ്ശിക ഈടാക്കാനവശേഷിക്കുന്നവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിടം നം | വസ്തുനികുതി കുടിശ്ശിക | കുടിശ്ശിക കാലയളവ് |
|---|---|---|---|
| 1 | III/47 A | 15120 | 2019-20, 2020-21 |
| 2 | V/455 A | 15120 | 2019-20, 2020-21 |
| 3 | VIII/ 408 A | 8400/- | 2020-21 |
| 4 | VIII/708 B | 2352 | 2013-14 മുതൽ 2020-21 വരെ |

വസ്തുനികുതികുടിശ്ശിക ഈടാക്കാൻ തുടർനടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

III. അനധികൃത കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയിരിക്കുന്നു.

U/A രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാകെട്ടിടങ്ങളും സഞ്ചയ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തി നികുതി നിർണയം നടത്തിയിട്ടില്ല. കൂടാതെ അനധികൃത നിർമ്മാണങ്ങൾക്ക് നികുതി ഒഴിവാക്കി നൽകുകയും ചെയ്തിരിക്കുന്നു. വാർഡ് 1 മുതൽ 8 വരെയുള്ളവയുടെ വിശദാംശം പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം. | രജിസ്റ്റർ പ്രകാരം അനധികൃത കെട്ടിടങ്ങൾ | സഞ്ചയപ്രകാരമുള്ള അനധികൃത കെട്ടിടങ്ങൾ | റിമാർക്ക്സ് |
|---|---|---|---|
| II | 2 | 1 | II/UA-1 നമ്പർ കെട്ടിടത്തെ നികുതിയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു |
| III | 2 | 1 | III/UA-1 നമ്പർ കെട്ടിടത്തെ നികുതിയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു |
| V | 3 | 2 | V/UA-1 നമ്പർ കെട്ടിടത്തെ നികുതിയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു |
| VI | 5 | 2 | VI/UA-1, UA-2, UA-3 നമ്പർ കെട്ടിടങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു |
| VII | 2 | 1 | VII/UA-1 നമ്പർ കെട്ടിടത്തെ നികുതിയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു |
| VIII | 7 | 5 | VIII/UA-1 നമ്പർ കെട്ടിടത്തെ നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട് |

അപാകതയ്ക്ക് വിശദീകരണമാവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇതിന്മേൽ സ്വീകരിച്ച തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-13 പഞ്ചായത്ത് വക ഗ്രന്ഥശാലയുടെ സ്ഥിതി പരിതാപകരം

പഞ്ചായത്ത് വക ഗ്രന്ഥശാല (വി കെ കൃഷ്ണമേനോൻ മെമ്മോറിയൽ ഗ്രന്ഥശാല) യിൽ ആകെ 76

സ്ഥിരാഗംങ്ങളാണുള്ളത്, ആയതിൽ 8 പേർ മാത്രമാണ് മാസവരി കൃത്യമായി ഒടുക്കു വരുത്തുന്നത്. 34 അംഗങ്ങൾ 2019-20 സാമ്പത്തിക വർഷം മാസവരി ഒന്നും തന്നെ അടവാക്കിയിട്ടില്ല. ഗ്രന്ഥശാലയുടെ വികസനത്തിനായി പഞ്ചായത്ത് യാതൊന്നും തന്നെ നിലവിൽ ചെയ്യുന്നില്ലെന്നുള്ളത് ലഭ്യമാക്കിയ ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ വ്യക്തമാണ്.

മുൻ വർഷങ്ങളിൽ പഞ്ചായത്ത് സ്റ്റോക്കിൽ ഉണ്ടായിരുന്നതും, സംഭാവനയായും കിട്ടിയ പുസ്തകങ്ങൾ ആണ് ഗ്രന്ഥശാലയിൽ ഉപയോഗിച്ചുവരുന്നത്. കഴിഞ്ഞ 20 വർഷത്തിനിടയിൽ പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ ഒന്നും തന്നെ സ്റ്റോക്കിൽ ചേർത്തിട്ടില്ല. പഞ്ചായത്ത് പുസ്തകങ്ങൾ വാങ്ങുന്നതിനായി ഗ്രന്ഥശാലക്ക് തുക അനുവദിക്കുകയോ, പുസ്തകം വാങ്ങി നൽകുകയോ ചെയ്യുന്നില്ല. നിലവിൽ ഗ്രന്ഥശാല പരിസരം ലോറികളുടെ പാർക്കിംഗ് സ്ഥലമായി ആളുകൾ ഉപയോഗിക്കുന്നതും ഗ്രന്ഥശാലയുടെ പ്രവർത്തനത്തെ ബാധിക്കുന്നു.

ഗ്രന്ഥശാലയിലെ ലൈബ്രേറിയന്റെ ശമ്പളമിനത്തിലെ ചെലവ് മാത്രമാണ് ഈയിനത്തിൽ ചെലവായിട്ടുള്ളതെങ്കിലും ഗ്രന്ഥശാല സ്ഥാപനം മുതൽ ഇതുവരെയുള്ളതെല്ലാം പാഴ്ചെലവായി മാറുകയും വികസനം വായനയിലൂടെ സാദ്ധ്യമാക്കുന്നതിന് തടസ്സം ആകുകയും ചെയ്യുന്നു.

പുതിയ പുസ്തകങ്ങൾ ലഭ്യമാക്കുക, ഡിജിറ്റൽ റീഡിംഗിനുള്ള സൗകര്യം സൃഷ്ടിക്കുക, ഉപയോഗരഹിതമായ ഫർണിച്ചറുകൾ മാറ്റി പുതിയവ ലഭ്യമാക്കുക, പഞ്ചായത്തിലെ വിദ്യർത്ഥി വിദ്യാർത്ഥിനികളുടെ പഠനത്തിനും, മത്സര പരീക്ഷകൾക്കാവശ്യമായി പഠനത്തിനും ഉപയുക്തമായ പുസ്തകങ്ങൾ ഗ്രന്ഥശാലയിൽ ലഭ്യമാക്കുക, ഗ്രന്ഥശാലയുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുക എന്നിവ എത്രയും പെട്ടെന്ന് സാധ്യമാക്കേണ്ടത് പഞ്ചായത്തിന്റെ കടമയാണ്.

വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 28 തീയതി 27.08.2021) ലഭ്യമാക്കിയ മറുപടിയിൽ പുസ്തകശേഖരം വിപുലമാക്കുന്നതിനും ഫർണിച്ചർ വാങ്ങുന്നതിനും പ്രോജക്ട് രൂപീകരണത്തിനായി പഞ്ചായത്ത് ഭരണ സമിതിയോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന മറുപടിയാണ് ലൈബ്രേറിയൻ ലഭ്യമാക്കിയത്.

## 1-14 ലൈസൻസ് നൽകുന്നതിലേയും തുക ഈടാക്കുന്നതിലേയും, അപാകത.

1.പഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങളുടേയും, ഓഫീസുകളുടേയും പേരുവിവരം അടങ്ങിയ രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയിരുന്നു. 2018-19 വർഷം സ്ഥാപനങ്ങളുടെ പട്ടികയിൽ 352 സ്ഥാപനങ്ങളുടെ പേരു വിവരം ഉൾപ്പെടുത്തിയിട്ടുണ്ട്, എന്നാൽ 2019-20 ൽ സ്ഥാപനങ്ങളുടെ എണ്ണം 193 ആയി ചുരുങ്ങിയതായി കാണുന്നു.

2. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, പാൽ സൊസൈറ്റികൾ എന്നിവയുടെ ലൈസൻസ് പുതുക്കിയതായി കാണുന്നില്ല.

3. കല്യാണമണ്ഡപങ്ങൾ, സ്വകാര്യ ആഡിറ്റോറിയങ്ങൾ , ഹാളുകൾ എന്നിവയിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 232(1) ൽ ഏതാവശ്യത്തിനും ലൈസൻസ് കൂടാതെ സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ലെന്നു, 1996 -ലെ കേരള പഞ്ചായത്ത് രാജ് ( ആപൽകരവും, അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം -3പട്ടിക- 1 ക്രമ നം 33 പ്രകാരം ഭക്ഷ്യ വസ്തുക്കൾ കൈകാര്യം ചെയ്യുന്ന കല്യാണമണ്ഡപങ്ങൾക്കും ലൈസൻസ് അനിവാര്യമാണ്. ലൈസൻസില്ലാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കല്യാണമണ്ഡപങ്ങൾ, സ്വകാര്യ ആഡിറ്റോറിയങ്ങൾ , ഹാളുകൾ എന്നിവയുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | പഞ്ചായത്ത് വക കല്യാണമണ്ഡപം |
| 2 | ബാങ്ക് ഓഡിറ്റോറിയം, ഊരുട്ടമ്പലം |
| 3 | ദേവഗിരി ഓഡിറ്റോറിയം |
| 4 | എം ജെ ഓഡിറ്റോറിയം |
| 5 | വിശ്വംഭരൻ ഓഡിറ്റോറിയം |
| 6 | ലിറ്റിൽ ഫ്ലവർ നഴ്സറി ഹാൾ |

4. 31.10.2017 ലെ പഞ്ചായത്ത് രാജ് ലൈസൻസ് ചട്ടങ്ങളിലെ ഭേദഗതി പട്ടിക II ചട്ടം 7 പ്രകാരം ലൈസൻസിനായി ഈടാക്കാവുന്ന ഏറ്റവും കുറഞ്ഞ തുക 500/- രൂപയാണ്. മൂലധനത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത തുക നിശ്ചയിച്ചിട്ടുള്ളത്. രേഖകൾ പരിശോധിച്ചതിൽ നിന്നും 500/- രൂപയിലും കുറഞ്ഞ തുക ഫീസായി ഈടാക്കി 99

(ആകെ 194 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് നൽകിയിട്ടുള്ളത്) സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിരിക്കുന്നതായി കാണുന്നു .

| സ്ഥാപനങ്ങളുടെ എണ്ണം | ഈടാക്കിയ തുക | ഈടാക്കേണ്ട തുക |
|---|---|---|
| 3 | 100/- | 500/- |
| 28 | 200/- | 500/- |
| 67 | 300/- | 500/- |
| 1 | 400/- | 500/- |

ലൈസൻസ് ഫീസിനത്തിൽ സമാഹരിക്കുന്ന തുക തനത് ഫണ്ടിലേക്കുള്ള പ്രധാന വരുമാന സ്രോതസ്സായതിനാലും, ലൈസൻസ് നൽകുക എന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാലും കൂടാതെ ഈ ഗണത്തിൽപ്പെട്ട സ്ഥാപനങ്ങൾ പൊതുജനങ്ങളുടെ ജീവനേയും സ്വത്തിനേയും നേരിട്ട് ബാധിക്കുന്നവയായതിനാലും ഇക്കാര്യത്തിൽ ഭരണസമിതിയുടേയും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ശ്രദ്ധ പതിയേണ്ടതാണ്.

മേൽ വിഷയങ്ങളിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 3തീയതി 25.08.2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

## <u>1-15 SLI, GIS -പോളിസി തുകകൾ നിശ്ചിത നിരക്കിൽ ഈടാക്കുന്നില്ല.</u>

1. സംസ്ഥാന സർവ്വീസിൽ 19.08.1976 നോ അതിന്ശേഷമോ പ്രവേശിക്കുന്ന അമ്പത് വയസ്സ് കഴിയാത്ത ഉദ്യോഗസ്ഥർ, ഒരു മാസത്തിനുള്ളിൽ സർക്കാർ യഥാസമയം നിശ്ചയിക്കുന്ന നിരക്കിൽ സംസ്ഥാന ലൈഫ് ഇൻഷ്വറൻസ് പോളിസി എടുക്കേണ്ടതും,(ചട്ടം 22 എ, കെ എസ് ആർ) ശമ്പള പരിധി മാറുന്നതിനനുസരിച്ച് അഡീഷണൽ പോളിസി എടുക്കേണ്ടതുമാണ്. ജി.ഒ.(പി)149/2016/ധന/04.10.2016 പ്രകാരം 01.01.2017 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിച്ച നിരക്കിൽ ചുവടെ ചേർത്തിരിക്കുന്ന ഉദ്യോഗസ്ഥരിൽ നിന്നും SLI ഇനത്തിൽ പ്രതിമാസ പ്രീമിയം ഈടാക്കുന്നില്ല.

| ക്രമ നം | ഉദ്യോഗസ്ഥരുടെ പേര്, ഉദ്യോഗപ്പേര് | അടിസ്ഥാന ശമ്പളം | ഈടാക്കേണ്ട തുക | ഈടാക്കിയ തുക |
|---|---|---|---|---|
| 1 | ശ്രീമതി.പ്രിയ.കെ.എസ്,അസി.സെക്രട്ടറി | 46,900/- | 500/- | 400/- |
| 2 | ശ്രീ.സജു മോഹൻ, അക്കൗണ്ടന്റ് | 35,700/- | 500/- | 400/- |

2. സംസ്ഥാന സർവ്വീസിൽ 01.09.1984 നോ അതിന്ശേഷമോ പ്രവേശിക്കുന്ന അമ്പത് വയസ്സ് കഴിയാത്ത ഉദ്യോഗസ്ഥർ, ഒരു മാസത്തിനുള്ളിൽ സർക്കാർ യഥാസമയം നിശ്ചയിക്കുന്ന നിരക്കിൽ ഗ്രൂപ്പ് ഇൻഷ്വറൻസ് പോളിസി എടുക്കേണ്ടതും (ചട്ടം 22 ബി, കെ എസ് ആർ) സർവ്വീസ് അവസാനിക്കുന്നതുവരെ പോളിസിയിൽ തുടരേണ്ടതുമാണ്. ജി.ഒ.(പി)112/2016/ധന/01.08.2016 പ്രകാരം 01.09.2017 പ്രബല്യത്തിൽ പുതുക്കി നിശ്ചയിച്ച നിരക്കിൽ ചുവടെ ചേർത്തിരിക്കുന്ന ഉദ്യോഗസ്ഥരിൽ നിന്നും GIS ഇനത്തിൽ പ്രതിമാസ പ്രീമിയം ഈടാക്കുന്നില്ല.

| ക്രമ നം | ഉദ്യോഗസ്ഥരുടെ പേര്, ഉദ്യോഗപ്പേര് | അടിസ്ഥാന ശമ്പളം | ഈടാക്കേണ്ട തുക | ഈടാക്കിയ തുക |
|---|---|---|---|---|
| 1 | ശ്രീമതി.പ്രിയ.കെ.എസ്, അസി.സെക്രട്ടറി | 46,900/- | 500/- | 200/- |
| 2 | ശ്രീ.സുരേഷ്ബാബു.ജി.എസ്, | 39500/- | 500/- | 150/- |

| | | | | |
|---|---|---|---|---|
| | ജൂനിയർ സൂപ്രണ്ട് | | | |

സർക്കാർ നിശ്ചയിച്ച നിരക്കിൽ പോളിസി തുകകൾ ഈടാക്കാത്തതിന്റെ കാരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 29 തീയതി 25.08.2021) ശ്രീ.സജു മോഹൻ, അക്കൗണ്ടന്റ്, ശ്രീ.സജു മോഹൻ, അക്കൗണ്ടന്റ് എന്നിവരിൽ നിന്നും തുക നിശ്ചിത നിരക്കിൽ ഈടാക്കിയിട്ടുണ്ടെന്ന് കാണിച്ച് 2020-21 വർഷത്തെ എസ്റ്റാബ്ളിഷ്മെന്റ് രേഖകളാണ് ഹാജരാക്കിയത്. ആയത് അംഗീകരിക്കാവുന്നതല്ല.

ശ്രീമതി പ്രിയ.കെ.എസ്, അസി.സെക്രട്ടറി മറ്റൊരു ഓഫീസിലേക്ക് സ്ഥലം മാറിപോയി എന്നും വിവരം അറിയിക്കാമെന്നും മറുപടി ഹാജരാക്കിയിട്ടുണ്ട്.

## 1-16 തൊഴിൽ നികുതി കൃത്യമായി ഈടാക്കുന്നതിൽ അനാസ്ഥ

തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും, മറ്റ് രേഖകളും പരിശോധിച്ചതിൻ പ്രകാരം ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. കേരള പഞ്ചായത്ത്‌രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പാലിക്കുന്നതിൽ ജാഗ്രതക്കുറവുണ്ട്.

2. പഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങളുടേയും, ഓഫീസുകളുടേയും പേരുവിവരം അടങ്ങിയ രജിസ്റ്റർ അപൂർണ്ണമാണ്.

3. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, ദേവസ്വം ബോർഡിന് കീഴിലുള്ള ആരാധനാലയങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

4. പഞ്ചായത്ത് പരിധിയിലുള്ള 2 ക്ഷീര സംഘങ്ങൾ മാത്രമേ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ.

5. പഞ്ചായത്ത് കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കരാറുകാരന്റെ പേര് |
|---|---|
| 1 | ശ്രീ സുരേഷ് കുമാർ.കെ |
| 2 | ശ്രീ പ്രദീപ്.എസ് |
| 3 | ശ്രീ നീലാമ്പരൻ.കെ |
| 4 | ശ്രീ വിജയകുമാർ.എം.പിള്ള |
| 5 | ശ്രീ പ്രതാപൻ.കെ |
| 6 | ശ്രീ പുഷ്കരൻ.കെ |
| 7 | ശ്രീ അരുൺരെത്ന.ആർ.പി |
| 8 | ശ്രീ ശങ്കരൻ നായർ |
| 9 | ശ്രീ വിനോദ് കുമാർ.ആർ |
| 10 | ശ്രീ ഷിജു.ബി.എസ് |
| 11 | ശ്രീ അനിൽ.ജി |
| 12 | ശ്രീമതി സജിനി.എസ്.എസ് |
| 13 | ശ്രീ സുരേഷ്ബാബു |
| 14 | ശ്രീ എസ്.രാജേന്ദ്രൻ |
| 15 | ശ്രീ അശോകൻ.ബി |
| 16 | ശ്രീ അനിൽകുമാർ.എസ് |
| 17 | ശ്രീ അജേഷ്.എ |
| 18 | ശ്രീ വിജയൻ.വി |
| 19 | ശ്രീ അനന്ദകുമാർ.എസ്.എൽ |
| 20 | ശ്രീ ബഷീർകണ്ണ്.എം |

6. ചുവടെ ചേർത്തിരിക്കുന്ന ആഡിറ്റോറിയം, ഹാളുകൾ എന്നിവയിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|

| | |
|---|---|
| 1 | പഞ്ചായത്ത് വക കല്യാണമണ്ഡപം |
| 2 | ബാങ്ക് ഓഡിറ്റോറിയം, ഊരൂട്ടമ്പലം |
| 3 | ദേവഗിരി ഓഡിറ്റോറിയം |
| 4 | എം ജെ ഓഡിറ്റോറിയം |
| 5 | വിശ്വംഭര ഓഡിറ്റോറിയം |
| 6 | ലിറ്റിൽ ഫ്ലവർ നഴ്സറി ഹാൾ |

7. പഞ്ചായത്തുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ദിവസവേതനക്കാർ, പാർട്ട് ടൈം ജീവനക്കാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. പേരു വിവരം ചുവടെ ചേർക്കുന്നു.

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ പി. മോഹനൻ | ലൈബ്രേറിയൻ |
| ശ്രീമതി ജൈനി. എൽ | നഴ്സറി സ്കൂൾ ടീച്ചർ |
| ശ്രീആർ. മോഹനൻ | സ്വീപ്പർ |
| ശ്രീമതി ആർ. വത്സല | സ്വീപ്പർ |
| ശ്രീമതി എൻ. ലളിത | ആയ |
| ശ്രീ രാജഗോപാലൻ നായർ | സ്വീപ്പർ |
| ശ്രീ അജു. എം എസ് | ഡ്രൈവർ |
| ശ്രീ അഖിൽ. എം | ഡ്രൈവർ |
| ശ്രീമതി സിൽവി ഭായി. സി | ഫാർമസിസ്റ്റ് |
| കാവ്യ. എ | ഫാർമസിസ്റ്റ് |
| ശ്രീമതി ശ്രീമതി എസ് | അറ്റന്റർ |
| ശ്രീ ബിജുമോൻ | ആഡിറ്റോറിയം വാച്ചർ |
| ശ്രീ ബേബി. സി | മാർക്കറ്റ് ക്ലീനർ |

8. MGNREGS ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. പേരു വിവരം ചുവടെ ചേർക്കുന്നു.

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ മൊഹസിൻ റിയാസ് | അസിസ്റ്റന്റ് എഞ്ചിനീയർ |
| ശ്രീ ജോയി. വി.ജെ | ഓവർസീയർ |
| ശ്രീ രഞ്ജു . ആർ.സി | ഓവർസീയർ |
| ശ്രീ സുബി | Accountant Cum DEO |
| ശ്രീമതി വിജില | Accountant Cum DEO |

9. തൊഴിൽ നികുതി രജിസ്റ്ററിനോടൊപ്പം സ്ഥാപനങ്ങൾ സമർപ്പിച്ച പട്ടിക ഓഡിറ്റിന് ലഭ്യമാക്കാത്തതിനാൽ അടവാക്കിയ തുകയും, ഉദ്യോഗസ്ഥരുടെ പേരും ഒത്തുനോക്കാൻ സാധിച്ചിട്ടില്ല. രജിസ്റ്ററിൽ വർഷം രേഖപ്പെടുത്തുകയോ, വർഷാവസാനം DCB യുടെ സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ തുക അക്കൗണ്ട്സുമായി ഒത്തുനോക്കാൻ സാധിച്ചിട്ടില്ല.

10. തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങളുടെ (രജിസ്റ്ററിൽ ഉൾപ്പെട്ട) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ആദ്യ പാദം | രണ്ടാം പാദം |
|---|---|---|
| | | GIFD പോളിടെക്നിക് സെന്റർ, കണ്ടല |
| | BSNL മാറനല്ലൂർ | BSNL മാറനല്ലൂർ |
| | ബ്ലോക്ക് ഓഫീസ്, നേമം | ബ്ലോക്ക് ഓഫീസ്, നേമം |
| | | കൃഷി ഭവൻ, മാറനല്ലൂർ |
| | PHC മാറനല്ലൂർ | PHC മാറനല്ലൂർ |
| | | SBT ഊരൂട്ടമ്പലം |
| | | PHC വിളപ്പിൽ |
| | | AE LSGD, മാറനല്ലൂർ |
| | | വെറ്റിനറി ഡിസ്പെൻസറി |
| | | LMS LPS അരുമാളൂർ |
| | | DVMNNM മാറനല്ലൂർ |
| | | DVMNNM HSമാറനല്ലൂർ |
| | | DVMNNM UPSമാറനല്ലൂർ |
| | | Govt HS കണ്ടല |
| | | Dr.Lohiya Memmorial, Mannadikonam |
| | | Govt UPS, Rasalpuram |
| | | മുത്തൂറ്റ് മെർകെന്റയിൽ, പോങ്ങുംമൂട് |
| | | മുത്തൂറ്റ് ഫിനാൻസ് ലി.ഊരൂട്ടമ്പലം |
| | ക്ഷീര വ്യവസായ സഹകരണ സംഘം, മാറനല്ലൂർ | ക്ഷീര വ്യവസായ സഹകരണ സംഘം, മാറനല്ലൂർ |
| | വെല്ലൂർകോണം മിൽക്ക് പ്രൊഡ്യൂസേഴ്സ് കോ ഓപ്പറേറ്റീവ് സൊസൈറ്റി | വെല്ലൂർകോണം മിൽക്ക് പ്രൊഡ്യൂസേഴ്സ് കോ ഓപ്പറേറ്റീവ് സൊസൈറ്റി |
| | | ഫാ.ഫിലിപ്പ് എച്ച് എസ് സ്കൂൾ, നെല്ലിക്കോട് |
| | | ഡോ. ഫ്രാങ്ക്ലിൻ ഹെർബൽ പ്രൊഡ്യൂസേഴ്സ്, കീലിയോട് |
| | ചെക്ക് പോസ്റ്റ്, അരുവിക്കര | ചെക്ക് പോസ്റ്റ്, അരുവിക്കര |
| | മാറനല്ലൂർ റൂറൽ ഡെവലപ്മെന്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റി,ഊരൂട്ടമ്പലം | |
| | | കൈരളി എക്സ്പോർട്ട്സ്, മേലാരിയോട് |
| | | എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ ഓഫീസ്, KSBC, റസൽപുരം |
| | മുത്തൂറ്റ് ഫിൻകോർപ്പ്, മാറനല്ലൂർ | മുത്തൂറ്റ് ഫിൻകോർപ്പ്, മാറനല്ലൂർ |
| | | മാവേലി സ്റ്റോർ, പുന്നാവൂർ |
| | | പ്രൈമറി ഹെൽത്ത് സെന്റർ |
| | | Mother Terassa College Of Arts And Science, Nelliyode |

| | | |
|---|---|---|
| | | കേരള ഗ്രാമീൺ ബാങ്ക്, മാറനല്ലൂർ |
| | | മുത്തൂറ്റ് നിധി (K)Ltd, ഊരൂട്ടമ്പലം |
| | | മുത്തൂറ്റ് നിധി (K)Ltd, ഊരൂട്ടമ്പലം |
| | | മുത്തൂറ്റ് ഫിൻ Ltd, മാറനല്ലൂർ |
| | | AE, MGNREGS, മാറനല്ലൂർ ഗ്രാമ പഞ്ചായത്ത് |
| | | Jio Point |

മേൽ നൽകിയിരിക്കുന്ന വിശദാംശങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിൽ പഞ്ചായത്തിന്റെ ഭാഗത്ത് അനാസ്ഥ ഉണ്ടാകുന്നതായി കാണാൻ കഴിഞ്ഞു. തൊഴിൽനികുതി സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4 തീയതി 27.08.2021 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ദിവസവേതനക്കാരായ ഏതാനം ജീവനക്കാർ എൻക്വയറി നൽകിയ ശേഷം തുക അടച്ചതായി പറഞ്ഞിട്ടുണ്ടെങ്കിലും പഞ്ചായത്ത് അധികൃതർ രേഖാമൂലം തെളിവ് ഹാജരാക്കിയിട്ടില്ല. മൂന്ന് വർഷത്തിന് ശേഷം ഇത്തരം നികുതികൾ കാലഹരണപ്പെടുമെന്നതിനാൽ പിരിവ് ഊർജ്ജിതമാക്കി തനത് വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

## 1-17 തുക അനുവദിച്ചെങ്കിലും റോഡ് മാപ്പിംഗ് നടത്തിയിട്ടില്ല.

വിവിധ വാർഡുകളിൽ ഉൾപ്പെട്ട റോഡുകളുടെ R-Track Application വഴിയുള്ള സർവ്വേ നടത്തിയതിന് 20,800/- രൂപ 2020 മാർച്ച് മാസം നൽകിയിട്ടുണ്ട്. റോഡ് ഡിജിറ്റലൈസേഷൻ നടത്തി റോഡ് മാപ്പിംഗ് നടത്തുന്നതിന്റെ ഭാഗമായാണ് തുക അനുവദിച്ചത്. പ്രസ്തുത പ്രവർത്തിക്കായി സ്വീകരിച്ച നടപടികളും, ചെലവഴിച്ച ആകെ തുക സംബന്ധിച്ച ഫയലും രേഖകളും ഓഡിറ്റിന് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 34 തീയതി 27.08.2021 ) മറുപടി ലഭ്യമാക്കിയിട്ടില്ല. റോഡ് ഡിജിറ്റലൈസേഷൻ നടത്തി റോഡ് മാപ്പിംഗ് നടത്തുന്നത് ആസ്തി സംരക്ഷണത്തിനും, ആസ്തി രജിസ്റ്റർ പൂർണ്ണമാക്കുന്നതിനും സാഹായകരമാകും. ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ ഹാജരാക്കാത്ത പക്ഷം തുക തടസ്സപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

## 1-18 പൊതു ടാപ്പുകളുടെ പരിപാലനം

മാറനല്ലൂർ ഗ്രാമ പഞ്ചായത്ത് പരിധിയിൽ 458പൊതു ടാപ്പുകളാണ് ഉള്ളത്. കുടിവെള്ളം കരം ഒടുക്കലിനായി 2019-20 സാമ്പത്തിക വർഷം 10,02,000/-തുക വകയിരുത്തി പ്രോജക്ട് (നം.09/20) വച്ചിരുന്നെങ്കിലും, ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ മാത്രമാണ് പദ്ധതി പ്രകാരം തുക (ചെലവ് തുക 5,96,650/- രൂപ) ചെലവഴിച്ചിരിക്കുന്നത്. ട്രഷറി നിയന്ത്രണം വന്നതിനാൽ മറ്റു മാസങ്ങളിൽ കുടിവെള്ളക്കരം തനത് ഫണ്ടിൽ നിന്നുമാണ് ഒടുക്കിയിട്ടുള്ളതെന്ന് ( ആകെ തുക 1337315/-രൂപ) ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 30 തീയതി 27.08.2021) മറുപടി ലഭ്യമാക്കി.

ഈ വാട്ടർ ടാപ്പുകൾ എല്ലാം നിലവിൽ പ്രവർത്തനക്ഷമമാണോ എന്നതു സംബന്ധിച്ചും, അവയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും വേണ്ടി പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമായി വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി, ആയതിന്റെ അടിസ്ഥാനത്തിൽ കുടിശ്ശിക ക്രമീകരിക്കേണ്ടതാണെന്ന് 28.09.2011 ലെ സർക്കാർ ഉത്തരവ് നം 2242/11/എൽ.എസ്.ജി.ഡി പ്രകാരം നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും, അതിനാവശ്യമായ നടപടികൾ പഞ്ചായത്ത് അധികൃതർ സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് സർക്കാർ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-19 മൃഗസംരക്ഷണമേഖലയിലെ പദ്ധതി നടത്തിപ്പിലെ അപാകതകൾ

1. അനുവദിച്ച പദ്ധതിപ്പണം പൂർണ്ണമായും ഉപയോഗിച്ചിട്ടില്ല.

6 പദ്ധതികൾക്കായി ആകെ 11,13,20,000/- രൂപ അനുവദിച്ചെങ്കിലും, 19,62,774/- രൂപ (17.34%) മാത്രമാണ് ചെലവഴിച്ചത്. പദ്ധതി രൂപീകരണത്തിന് മുൻപ് അർഹരായ ഗുണഭോക്താക്കൾ പഞ്ചായത്തിൽ ഉണ്ടോ എന്നത് സംബന്ധിച്ചും, പദ്ധതിപ്പണം മുഖേന ആനുകൂല്യം ലഭ്യമായവർ കരാറുകൾ ലംഘിക്കുന്നുണ്ടോ എന്നത് സംബന്ധിച്ചും പഠനം നടത്തേണ്ടതും, ആയതിന് അനുസരിച്ച് പ്രോജക്ടുകൾ രൂപീകരിക്കുകയും ചെയ്യേണ്ടതാണ്.

2. പ്രോജക്ട് നം. 46/20, ആട്ടുവളർത്തൽ പദ്ധതി

105 ഗുണഭോക്താക്കൾക്കായി 2 ആടുകൾ വീതം നൽകാനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. എന്നാൽ 49 പേർക്ക് മാത്രമാണ് ആടുകളെ നൽകിയിട്ടുള്ളത്. ഈ പദ്ധതി പ്രകാരം ആട് ലഭിച്ച 35 ഗുണഭോക്താക്കളെ ഫോണിൽ ബന്ധപ്പെട്ടപ്പോൾ വിളിച്ചവരിൽ ഭൂരിഭാഗം പേരും ആടുകളെ വില്പന നടത്തുകയോ, ആടുകൾ മരണപ്പെടുകയോ ചെയ്തു

എന്ന മറുപടിയാണ് ലഭിച്ചത്. ആടുകളുടെ ആരോഗ്യസ്ഥിതി സംബന്ധിച്ച് പരിശോധന നടത്തിയ ശേഷമാണ് അവയെ വിതരണം ചെയ്തതെന്ന് പദ്ധതി രേഖകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആടുകൾക്ക് ഇൻഷ്വറൻസും ഉണ്ട്, എന്നിട്ടും മരണപ്പെട്ട ആടുകൾക്ക് ആരും തന്നെ ഇൻഷ്വറൻസ് തുക ലഭിക്കുന്നതിന് ശ്രമിച്ചിട്ടില്ല. ആയതിനെപ്പറ്റി അറിയില്ല എന്നാണ് മറുപടി ലഭിച്ചത്. കൂടാതെ 3 വർഷ കാലയളവിനുള്ളിൽ ഉരുവിനെ വിൽക്കുകയോ കൈമാറുകയോ അന്യാധീനപ്പെടുത്തുകയോ ചെയ്യാൻ പാടില്ല എന്നും, ഉരുക്കളെ ശാസ്ത്രീയമായി പരിപാലിക്കേണ്ടതും, സുരക്ഷിതമായി പാർപ്പിച്ച് അവയുടെ ജീവൻ സംരക്ഷിക്കേണ്ടതുമാണെന്നും ഗുണഭോക്താവും നിർവ്വഹണ ഉദ്യോഗസ്ഥനും തമ്മിൽ കരാർ വച്ചിട്ടുണ്ടെങ്കിലും, ആയതിനെ പറ്റി അറിയില്ലാ എന്നാണ് ഗുണഭോക്താക്കൾ അറിയിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | വാർഡ് നം | തൽസ്ഥിതി |
|---|---|---|---|
| 1 | ശ്രീമതി ലാലി.ജി.എൽ | 12 | 2ആടുകളും മരണപ്പെട്ടു |
| 2 | ശ്രീമതി നസൈഫ | 19 | 1 ആട് മരണപ്പെട്ടു |
| 3 | ശ്രീമതി ഉഷാകുമാരി | 1 | 1 ആട് മരണപ്പെട്ടു |
| 4 | ശ്രീമതി ഷൈനി | 9 | 2 ആടിനേയും വിൽപന നടത്തി |
| 5 | ശ്രീമതി ഗിരിജകുമാരി. കെ | 1 | 2 ആടിനേയുംവിൽപന നടത്തി |
| 6 | ശ്രീമതി ചന്ദ്രിക. എസ് | 15 | 2 ആടിനേയും വിൽപന നടത്തി |
| 7 | ശ്രീമതി ശാരദ | 16 | 1 ആട് മരണപ്പെട്ടു |
| 8 | ശ്രീമതി കുമാരി.കെ | 14 | 1 ആട് മരണപ്പെട്ടു<br>1 ആടിനെ വിൽപന നടത്തി |
| 9 | ശ്രീമതി സന്ധ്യാറാണി. എൽ | 10 | 1 ആടിനെ വിൽപന നടത്തി |
| 10 | ശ്രീമതി ലൈലകുമാരി.എ.കെ | | 2 ആടിനേയും വിൽപന നടത്തി |
| 11 | ശ്രീമതി ജെ.ലീല | 15 | 1 ആടിനെ വിൽപന നടത്തി |
| 12 | ശ്രീമതി ബേബി | 10 | 1 ആടിനെ വിൽപന നടത്തി |
| 13 | ശ്രീമതി വസന്ത | 13 | ആടുകളെ മകനു നൽകി |
| 14 | ശ്രീമതി സുജിതാ റാണി.ബി .എൽ | 2 | 2 ആടിനേയും വിൽപന നടത്തി |
| 15 | ശ്രീമതി സരോജം | 4 | 1 ആട് മരണപ്പെട്ടു |
| 16 | ശ്രീമതി സുലോചന | 13 | വ്യക്തമായി മറുപടി നൽകിയില്ല |
| 17 | ശ്രീമതി സുലോചന | 11 | 1 ആട് മരണപ്പെട്ടു |
| 18 | ശ്രീമതി ത്രേസ്യ വിജയൻ | 2 | 1 ആടിനെ വിൽപന നടത്തി<br>വിവരം മെമ്പറെ അറിയിച്ചു |
| 19 | ശ്രീമതി ഷീബ | 4 | 2 ആടിനേയും വിൽപന നടത്തി |
| 20 | ശ്രീമതി രാധികാദേവി | 15 | ആടുകളെ അമ്മയ്ക്ക് നൽകി |
| 21 | ശ്രീമതി ലില്ലി.ജെ | 16 | 2 ആടിനേയും വിൽപന നടത്തി |

പ്രസ്തുത വിഷയത്തിൽ നമ്പരിട്ടു നൽകിയ ആടുകൾ ബാക്കി ഗുണഭോക്താക്കളുടെ വീട്ടിലുണ്ടോ എന്നും അനർഹരായവർ ഗുണഭോക്താക്കളുടെ ലിസ്റ്റിൽ ഉൾപ്പെടുന്നുണ്ടോ എന്നതും വിശദമായ അന്വേഷണം നടത്തേണ്ടതും വരും വർഷങ്ങളിൽ സർക്കാർ പണം ഇത്തരത്തിൽ നഷ്ടപ്പെടുന്നത് ഒഴിവാക്കേണ്ടതുമാണ്.

3. പ്രോജക്ട് നം. 47/20, പശുവളർത്തൽ പദ്ധതി (വനിത)

പ്രസ്തുത പദ്ധതിക്കായി പൊതുവിഭാഗം സാധാരണ വിഹിതത്തിൽ ലഭിച്ച 9,87,500/- രൂപ പ്രകാരം 36 പേർക്ക് തുക നൽകിയത് സംബന്ധിച്ച അപേക്ഷകൾ ലഭിച്ചതിൽ 20 ഗുണഭോക്താക്കളെ ഫോണിൽ വിളിച്ചെങ്കിലും 10 പേരെ മാത്രമേ ലഭിച്ചുള്ളൂ. ഭൂരിപക്ഷം പേർക്കും വ്യക്തമായ മറുപടി ലഭ്യമാക്കാൻ സാധിച്ചില്ല. ആടിനെ നൽകിയതിന് സമാനമായി ഉരുക്കൾ പലതും മരണപ്പെട്ടതായോ കൈമാറ്റം ചെയ്തതായോ മറുപടി ലഭ്യമാക്കി.

3 വർഷ കാലയളവിനുള്ളിൽ ഉരുവിനെ വിൽക്കുകയോ കൈമാറുകയോ അന്യാധീനപ്പെടുത്തുകയോ ചെയ്യാൻ പാടില്ല എന്നും, ഉരുക്കളെ ശാസ്ത്രീയമായി പരിപാലിക്കേണ്ടതും, സുരക്ഷിതമായി പാർപ്പിച്ച് അവയുടെ ജീവൻ

സംരക്ഷിക്കേണ്ടതുമാണെന്നും ഗുണഭോക്താവും നിർവ്വഹണ ഉദ്യോഗസ്ഥനും തമ്മിൽ കരാർ വച്ചിട്ടുണ്ടെങ്കിലും, ഈ പദ്ധതിയിലും ആയത് പാലിക്കപ്പെട്ടിട്ടില്ല.

4. പ്രോജക്റ്റ് നം. 51/20, വെറ്റിനറി മരുന്ന് വാങ്ങൽ

Marbomet. Inj എന്ന മരുന്ന് കാലാവധി കഴിഞ്ഞും വിതരണം ചെയ്തതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| HSN | മരുന്നിന്റെ പേര് | ഇൻവോയിസ് നം / തീയതി | രജിസ്റ്ററിലെ പേജ് നം | എക്സ്പയറി തീയതി | വിതരണം നടത്തിയ തീയതി |
|---|---|---|---|---|---|
| 30042039 | Marbomet Inj | A-5688/24.03.20 | 34 | 07/2020 | 05.08.20, 20.11.20 |

5. പ്രോജക്റ്റ് നം. 127/20, തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണം

പ്രസ്തുത പദ്ധതിയിൽ തെരുവ് നായ്ക്കളെ ഓപ്പറേഷൻ നടത്തിയ ഡോക്ടർമാർക്ക് ഫീസിനത്തിൽ 20,000/- രൂപ നൽകിയതായി സൂചിപ്പിച്ചിട്ടുണ്ടെങ്കിലും, തുക ഡോക്ടർമാർ കൈപ്പറ്റിയതിന്റെ രസീത് ഉൾപ്പെടുത്തിയിട്ടില്ല.

മേൽ ആവശ്യപ്പെട്ടിരിക്കുന്ന രേഖകളും, അപാകതകൾക്കുള്ള മറുപടിയും, തുടർന്ന് ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കുന്നതിനായി സ്വീകരിക്കാവുന്ന നടപടിയും സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 52 തീയതി 03.09.2021) രേഖാമൂലം മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ സാഹചര്യത്തിൽ ഉരുക്കൾ നൽകിയവരുടെ കൈവശം അവ ഇപ്പോൾ ഉണ്ടോ എന്നതറിയാൻ പഞ്ചായത്ത് അധികൃതരും, നിർവ്വഹണ ഉദ്യോഗസ്ഥരും സംയുക്തമായി പരിശോധന നടത്തേണ്ടതും കരാർ പാലിക്കാത്ത വിഷയങ്ങളിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുകയോ തുക തിരികെ ഈടാക്കുകയോ ചെയ്യേണ്ടതുമാണ്.
കന്നുകാലി, ക്ഷീരസമ്പത്ത് എന്നിവയുടെ വികസനത്തിനും തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണത്തിനുമായി വിഭാവനം ചെയ്ത മേൽ പ്രോജക്റ്റുകൾ ഒന്നും തന്നെ ഫലപ്രദമായി ലക്ഷ്യം കണ്ടു എന്ന് വിലയിരുത്താൻ കഴിയുന്നില്ല. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം ഗൗരവകരമായി പരിശോധിക്കേണ്ടതാണ്.

## 1-20 ഐ.സി.ഡി.എസ് പദ്ധതി നിർവ്വഹണം- അപാകതകൾ

2019-2020 സാമ്പത്തിക വർഷത്തെ ഐ.സി.ഡി.എസ് പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

## 1-20-1 അങ്കണവാടികൾ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതെ പ്രവർത്തിക്കുന്നു

പഞ്ചായത്തിലെ അങ്കണവാടികൾ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതെ പ്രവർത്തിക്കുന്നു.

| | | |
|---|---|---|
| 1 | ആകെ അങ്കണവാടികൾ | 41 |
| 2 | സ്വന്തമായി സ്ഥലം ഇല്ലാത്തവ | 15 |
| 3 | സ്വന്തമായി കെട്ടിടം ഇല്ലാത്തവ | 16 |
| 4 | സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തവ | 2 |
| 5 | വൈദ്യുതി ഇല്ലാത്തവ | 2 |
| 6 | ചുറ്റുമതിൽ ഇല്ലാത്തവ | 8 |

ഗ്രാമപഞ്ചായത്തിലെ 41 അങ്കണവാടികളിൽ മേൽ സൂചിപ്പിച്ചിട്ടുള്ള പരിമിതികൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയും ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും ഈ കാര്യത്തിൽ

ശ്രദ്ധചെലുത്തേണ്ടതാണ്.

## 1-20-2 ഗ്രാമപഞ്ചായത്ത്തല ഐ.സി.ഡി.എസ് കോ-ഓർഡിനേഷൻ/അങ്കണവാടി വാർഡ്തല കമ്മിറ്റികൾ -പ്രവർത്തനരഹിതം

02.06.2017 ലെ സർക്കാർ ഉത്തരവ് നം.1830/2017/തസ്വഭവ ഖണ്ഡിക.3.3.3.1,3.3.4 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്ത്തല ഐ.സി.ഡി.എസ് കോ-ഓർഡിനേഷൻ/അങ്കണവാടി വാർഡ്തല കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്. പ്രസ്തുത കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പ്രവർത്തന റിപ്പോർട്ടും മിനിട്ട്സും ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.20ന് ഗ്രാമപഞ്ചായത്ത്തല ഐ.സി.ഡി.എസ് കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടില്ലായെന്നും എത്രയും വേഗം രൂപീകരിക്കുന്നതിനുവേണ്ടി പഞ്ചായത്തിൽ കത്ത് നൽകുന്നതും കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണെന്നുമാണ് ഐ.സി.ഡി.എസ് സൂപ്പർവൈസർ മറുപടി നൽകിയിട്ടുള്ളത്. അടിയന്തിരമായി പ്രസ്തുത കമ്മിറ്റി രൂപീകരിച്ച് അങ്കണവാടികളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കേണ്ടതാണ്.

## 1-20-3 അമൃതം ന്യൂട്രിമിക്സ് ലാബ് പരിശോധന നടത്തി ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നില്ല

സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18.12.2010 ലെ ഐ.സി.ഡി.എസ്സ്/ബി-3/312 നമ്പർ കത്തിൽ അങ്കണവാടി കുട്ടികൾക്ക് നൽകുന്ന ന്യൂട്രിമിക്സ് സാമ്പിളുകൾ ഓരോ രണ്ടു മാസത്തിലൊരിക്കൽ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി ഗുണനിലവാരം ഉറപ്പ് വരുത്തണമെന്ന് നിഷ്ക്കർഷിച്ചിരിക്കുന്നു.2019-20 സാമ്പത്തിക വർഷം അനുപൂരക പോഷകാഹാര പദ്ധതിക്ക് (11/2019-20-ജനറൽ,12/2019-20-എസ്.സി, 13/2019-20-ശിശുമന്ദിരം) 3230000+600000+100000 = 38,40,000/- രൂപ അടങ്കൽ വകയിരുത്തി 3188848+555451+18677=37,62,976/- രൂപ ചെലവ് വരുത്തിയിട്ടുണ്ട്(സുലേഖ പത്രിക 2019-20). ഇതിൽ 11,47,045/- രൂപയ്ക്ക് സമൃദ്ധി & ബ്ളോസം ന്യൂട്രിമിക്സ് യൂണിറ്റിൽ നിന്നും ന്യുട്രിമിക്സ് വാങ്ങിയിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം പ്രസ്തുത സാമ്പത്തിക വർഷം നടത്തിയ ലാബ് ടെസ്റ്റ് റിപ്പോർട്ടുകളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് അങ്കണവാടികളിൽ ഇറക്കുന്ന അമൃതം ന്യുട്രിമിക്സ് എല്ലാ വർഷവും വകുപ്പ് നിഷ്ക്കർഷിക്കുന്ന ലാബിൽ ഗുണനിലവാര പരിശോധനയ്ക്ക് അയക്കാറുണ്ടെങ്കിലും ലാബ് റിപ്പോർട്ട് ലഭിക്കുന്നതിന് കാലതാമസം നേരിടുന്നുവെന്നും ലാബ് റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നുമാണ്. സമയബന്ധിതമായി അമൃതം ന്യൂട്രിമിക്സിന്റെ ലാബ് പരിശോധന നടത്തി ഭക്ഷ്യസുരക്ഷാ ഉറപ്പുവരുത്തേണ്ടതാണ്.

## 1-21 മാലിന്യ സംസ്കരണത്തിന് പദ്ധതികൾ ആവിഷ്ക്കരിക്കുന്നില്ല

2019-20 സാമ്പത്തിക വർഷത്തിൽ ജൈവ-അജൈവ മാലിന്യ പരിപാലനത്തിന് സ്കൂളുകളിലെ ഹരിത വിദ്യാലയം (പ്രോ.നം.176/19-20) പദ്ധതി ഒഴികെ മറ്റ് പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ സൃഷ്ടിക്കപ്പെട്ട അജൈവ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് ആസൂത്രിതമായ പദ്ധതികളൊന്നും ആവിഷ്ക്കരിച്ചിട്ടില്ലാത്തത് അന്വേഷിച്ച് 31.08.2021 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.36 ന് 2019-20 സാമ്പത്തിക വർഷത്തിൽ മാലിന്യ സംസ്കരണവുമായി മൂന്ന് പദ്ധതികളാണ് ഏറ്റെടുത്തിരുന്നതെന്നും ഇതിൽ വിദ്യാലയങ്ങളിലെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഹരിതവിദ്യാലയം എന്ന പദ്ധതി ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുണ്ടെന്നും വീടുകളിലെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് കിച്ചൺ ബിൻ, ഗാർഹിക ബയോഗ്യാസ് പ്ലാൻറ് എന്നീ പദ്ധതികൾ ആസൂത്രണം ചെയ്തിരുന്നുവെങ്കിലും ഗുണഭോക്താക്കൾ ഗുണഭോക്തൃവിഹിതം അടയ്ക്കാത്തതിനാൽ ഈ പദ്ധതികൾ നടപ്പാക്കാൻ കഴിഞ്ഞില്ല എന്നുമാണ് വി.ഇ.ഒ അറിയിച്ചിട്ടുള്ളത്.

ഓഡിറ്റ് വർഷം ഖരമാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട് കൺസൾട്ടൻസി ആവശ്യകതാ നിർണ്ണയ സർവ്വേ നടത്തുകയോ, ഡി.പി.ആർ ആക്ഷൻ പ്ലാൻ തയ്യാറാക്കുകയോ ചെയ്തിട്ടില്ല. മാലിന്യ സംസ്കരണ മേഖലയിൽ ഗ്രാമപഞ്ചായത്ത് നേരിടുന്ന വെല്ലുവിളികളെ തിരിച്ചറിയുന്നതിനുള്ള ഒരു പഠനം നടത്തേണ്ടതും, എം.സി.എഫിൽ ശേഖരിക്കുന്ന അജൈവ മാലിന്യങ്ങളുടെ പുന:ചംക്രമണം ചെയ്യുന്നതിന് വേണ്ട നടപടികൾ ബ്ലോക്ക് പഞ്ചായത്തുമായി ചേർന്ന് സ്വീകരിക്കേണ്ടതും ക്ലീൻ കേരള കമ്പനിയുമായി കരാറിൽ ഏർപ്പെടുകയും തുടർ വർഷങ്ങളിൽ ഹരിതകർമ്മസേന രൂപികരിച്ച് പ്രസ്തുത പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണ്ടേതുമാണ്.

## 1-22 ലൈഫ് പദ്ധതി-ഒരു അവലോകനം

2019-20 സാമ്പത്തിക വർഷം ജനറൽ, എസ്.സി, എസ്.റ്റി വിഭാഗങ്ങൾക്കായി വിവിധ ലൈഫ് ഭവന പദ്ധതികൾ

വി.ഇ.ഒ/എൽ.വി.ഇ.ഒ മാർ നിർവ്വഹണം നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>വി.ഇ.ഒ</u>

| ക്രമ നം. | പദ്ധതിയുടെ പേര് | പദ്ധതി നം | അടങ്കൽ | ഫണ്ടിനം | ചെലവ് |
|---|---|---|---|---|---|
| 1 | ലൈഫ് ഭവന പദ്ധതി-എസ്.സി.പി | 36/19-20 | 12329440 | (എസ്.സി.പി-27772059<br>സംസ്ഥാനാവിഷ്കൃത ഫണ്ട്-4700000<br>ബ്ളോക്ക് വിഹിതം-3427752<br>ജില്ലാ വിഹിതം-1429629) | 7354102<br>(വി.ഫ.-27772059<br>സംസ്ഥാനാവിഷ്കൃതം-1100000<br>ബ്ളോക്ക് വിഹിതം-2942043<br>ജില്ലാ വിഹിതം-540000) |
| 2 | ലൈഫ് ഭവന പദ്ധതി-എസ്.സി | SO179/2019-20 | 10800000 | (ജില്ലാ വിഹിതം-5898<br>മറ്റുള്ളവ-10794102) | 1485898-(ജില്ലാ വിഹിതം-5898<br>മറ്റുള്ളവ-1480000) |
| 3 | ലൈഫ് ഭവന പദ്ധതി-എസ്.റ്റി | 244/2019-20 | 800000 | (സംസ്ഥാനാവിഷ്കൃത ഫണ്ട്- -200000<br>ബ്ളോക്ക് വിഹിതം-228840<br>മറ്റുള്ളവ-371160 | 80000<br>(ബ്ളോക്ക് വിഹിതം-80000) |
| | | ആകെ | 27829440 | | 11970000 |

എൽ.വി.ഇ.ഒ

| ക്രമ നം. | പദ്ധതിയുടെ പേര് | പദ്ധതി നം | അടങ്കൽ | ഫണ്ടിനം | ചെലവ് |
|---|---|---|---|---|---|
| 1 | ലൈഫ് ഭവന പദ്ധതി-ജനറൽ | 33/19-20 | 30254622 | (വി.ഫ-4700000<br>സംസ്ഥാനാവിഷ്കൃത ഫണ്ട്-22100000<br>ബ്ളോക്ക് വിഹിതം-1987200<br>ജില്ലാ വിഹിതം-1467422) | 26793550<br>(വി.ഫ.-4700000<br>സംസ്ഥാനാവിഷ്കൃതം-18700000<br>ബ്ളോക്ക് വിഹിതം-1987200<br>ജില്ലാ വിഹിതം-1406350) |

| | | | | | |
|---|---|---|---|---|---|
| 2 | ലൈഫ് ഭവന പദ്ധതി- ജനറൽ | SO175/2019-20 | 26260000 | (ജില്ലാ വിഹിതം-2443 മറ്റുള്ളവ-26257557) | 22746320-(ജില്ലാ വിഹിതം-2443 മറ്റുള്ളവ-22743877) |
| | | ആകെ | 65363622 | | 5484495 |

1. എല്ലാ ലൈഫ് മിഷൻ ഗുണഭോക്താക്കളുടെ വിവരം ലൈഫ് മിഷന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

2. ആകെ 263 ഗുണഭോക്താക്കളിൽ 2019-20 സാമ്പത്തിക വർഷം 22 ഗുണഭോക്താക്കൾ പുതുതായി കരാറിൽ ഏർപ്പെട്ടിട്ടുള്ളവരാണ്.

3. നാളിതുവരെ 258 ഗുണഭോക്താക്കൾ 4 ലക്ഷം രൂപ കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.

4. ലൈഫ് ഗുണഭോക്താവായി തെരഞ്ഞെടുത്ത് കരാറിൽ ഏർപ്പെട്ട് ധനസഹായം കൈപ്പറ്റിയശേഷം ആരും തന്നെ അനർഹർ ആയിട്ടില്ല.

5. എല്ലാ ഗുണഭോക്താക്കൾക്കും എം.എൻ.ആർ.ജി.എസിൽ ഉൾപ്പെടുത്തി 90 ദിവസത്തെ പ്രവൃത്തി ദിനം നൽകിയിട്ടുണ്ട്.

6. ലൈഫ് ഗുണഭോക്താക്കളെ സഹായിക്കുന്നതിനായി ഭവനനിധി രൂപീകരിച്ചിട്ടില്ല.

(ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.31 തീയതി.31.8.21)

7. ഗുണഭോക്താവ് സ്വന്തം നിലയ്ക്ക് അധിക ധനവിഭവം കണ്ടെത്തി ഉയർന്ന തറ വിസ്തൃതിയിൽ വീട് നിർമ്മിച്ചിട്ടുണ്ടെങ്കിൽ,അങ്ങനെയുള്ളവയ്ക്കും ലൈഫ് മിഷൻ ഭവനനിർമ്മാണ ധനസഹായം പൂർണ്ണമായി നൽകാവുന്നതാണ്(സർക്കുലർ നം.എൽ.എസ്.ജി.ഡി.ബി1/312/2019 തീയതി 06.09.2019)എന്നാൽ അത്തരം വീടുകൾക്ക് അവർ ഭവനനിർമ്മാണം പൂർണ്ണമായും പൂർത്തീകരിക്കുന്നമുറയ്ക്ക് മാത്രം അവസാന ഗഡു ധനസഹായം നൽകേണ്ടതാണ്.ഗ്രാമപഞ്ചായത്തിലെ എല്ലാ ലൈഫ് ഗുണഭോക്താക്കളും ഭവനനിർമ്മാണം പൂർത്തീകരിച്ച് അവസാന ഗഡു തുക കൈപ്പറ്റിയിരിക്കുന്നത് സർക്കാർ മാനദണ്ഡം അനുസരിച്ച് തന്നെ എന്ന മറുപടിയാണ് (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.31 തീയതി.31.8.21) നൽകിയിട്ടുള്ളത്.

## 1-23 വിദ്യാഭ്യാസ മേഖലയിലെ പദ്ധതി നിർവ്വഹണം- ക്യാഷ് ബുക്ക് പരിപാലനത്തിലെ അപാകത

പ്രോജക്ട് നമ്പർ- 35/2019-2020

പ്രോജക്ടിന്റെ പേര്- സ്കൂൾ വിദ്യാർത്ഥികൾക്കുള്ള പ്രഭാത ഭക്ഷണം

ആകെ അടങ്കൽ- 6,00,000/-

നിർവ്വഹണം- ഹെഡ്മാസ്റ്റർ

ചെലവ്- 5,57,546/- (തനത് ഫണ്ട്)

ഗവ. എൽ.പി.എസ് ഊരുട്ടമ്പലം, ഗവ. യു.പി.എസ് ഊരുട്ടമ്പലം, ഗവ. യു.പി.എസ് റസ്സൽപുരം, ഗവ. എൽ.പി.എസ് അരുവിക്കര, പുന്നാവൂർ എന്നീ സ്കൂളുകളിലെ കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകുന്നതിനാണ് പ്രോജക്ട് നടപ്പിലാക്കിയത്. എന്നാൽ, നിർവ്വഹണ ഉദ്യോഗസ്ഥ പരിപാലിക്കുന്ന ക്യാഷ് ബുക്കിൽ ഗവ. എൽ.പി.എസ് അരുവിക്കര, പുന്നാവൂർ എന്ന സ്കൂളിന്റെ വരവ്-ചെലവ് വിവരങ്ങൾ മാത്രമേ ഉൾപ്പെട്ടിട്ടുള്ളൂ. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തീയതി | ചെക്ക് നമ്പർ | വൗച്ചർ പ്രകാരമുള്ള യഥാർത്ഥ ചെലവ് തുക | ക്യാഷ് ബുക്ക് പ്രകാരമുള്ള ചെലവ് |
|---|---|---|---|---|
| 1 | 02.09.2019 | 21420 | 46,422/- | 13,050/- |
| 2 | 06.09.2019 | 21444 | 68,226/- | 19,140/- |
| 3 | 23.10.2019 | 22885 | 62,334/- | 17,400/- |
| 4 | 27.11.2019 | 22943 | 1,09,200/- | 30,450/- |
| 5 | 04.02.2020 | 23494 | 65,520/- | 18,270/- |

| | | | | |
|---|---|---|---|---|
| 6 | 07.03.2020 | 1736868 | 1,22,979/- | 37,170/- |
| 7 | 08.04.2020 | 24110 | 82,865/- | 25,375/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13/25.08.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ് (വാല്യം 1) ആർട്ടിക്കിൾ 92(എ) പ്രകാരം സർക്കാരിനു വേണ്ടി പണം സ്വീകരിക്കുന്ന എല്ലാ ഉദ്യോഗസ്ഥരും ടി.ആർ 7 എ ഫോറത്തിൽ ഒരു ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടതും എല്ലാ പണമിടപാടുകളും ക്യാഷ് ബുക്കിൽ ചേർക്കേണ്ടതുമാണ്. ക്യാഷ് ബുക്കിന്റെ കൃത്യമായ പരിപാലനം നിർവ്വഹണോദ്യോഗസ്ഥ ഉറപ്പാക്കേണ്ടതാണ്.

## 1-24 നടപടികൾ സ്വീകരിക്കാത്ത മുൻ ഓഡിറ്റ് പരാമർശങ്ങൾ

മാറനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന് 09.09.2020 തീയതിയിലെ കെ.എസ്.എ.റ്റി.വി.എം.ജി.പി.4/2171/2019 പ്രകാരം അനന്തര റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ നിലനിൽക്കുന്ന ഖണ്ഡികകൾക്കുമേൽ സ്വീകരിച്ച തുടർ നടപടി വിവരവും അനുബന്ധ രേഖകളും ലഭ്യമാക്കുമാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.10/25.08.2021) ലഭ്യമാക്കിയ മറുപടിയിൽ നിർവ്വഹണോദ്യോഗസ്ഥർ നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ 16.12.2020-ൽ പുറപ്പെടുവിച്ച പുനരഭിപ്രായക്കുറിപ്പ് പ്രകാരം നിലനിൽക്കുന്ന ഖണ്ഡികകളിന്മേൽ തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റ് വകുപ്പിനെ അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നിലനിൽക്കുന്ന ഖണ്ഡികകൾക്കുമേൽ തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 ദുരിതാശ്വാസ നിധി- സബ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വസ നിധി രൂപീകരണവും വിനിയോഗവും)ചട്ടങ്ങളിലെ 3-ാം ചട്ടപ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം ഗ്രാമപഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകരിക്കാമെന്നുണ്ട്. മാറനല്ലൂർ ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും കമ്മിറ്റി തീരുമാനവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.07/25.08.2021) നൽകിയ മറുപടിയിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട് എന്ന് അറിയിച്ചെങ്കിലും ഇത് സംബന്ധിച്ച ഭരണസമിതി തീരുമാനം ലഭ്യമാക്കിയിട്ടില്ല. വരവ് ചെലവ് കണക്കുകൾ രേഖപ്പെടുത്തുന്നതിന് പ്രത്യേകം ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല. കൂടാതെ, ചട്ടം 3(4) പ്രകാരം പ്രസിഡന്റ്, സെക്രട്ടറി, ഗ്രാമപഞ്ചായത്ത് അംഗങ്ങൾക്കിടയിൽ നിന്നും ഒരംഗവും ഉൾപ്പെടുന്ന സബ് കമ്മിറ്റിയും രൂപീകരിച്ചിട്ടില്ല.

## 1-26 തെരുവ് വിളക്ക് പരിപാലനം- അപാകതകൾ

ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള തെരുവുവിളക്കുകളുടെ എണ്ണം(വാർഡുതിരിച്ചുള്ളത്), ഇവയിൽ സാധാരണ ബൾബ്, സി എഫ് എൽ, ട്യൂബ് ലൈറ്റ്, എൽ.ഇ.ഡി ബൾബുകൾ എന്നിവയുടെ കൃത്യമായ എണ്ണം സംബന്ധിച്ച രേഖകൾ, അറ്റകുറ്റപ്പണി ആവശ്യമായവയുടെ വിവരം എന്നിവ പ്രത്യേകം സൂക്ഷിച്ചിട്ടില്ല. 2019-20 വർഷം പുതിയ ട്യൂബ് ലൈറ്റ് സ്ഥാപിക്കുന്നതിനായി 3,54,429/- രൂപയും പരിപാലനത്തിനായി രണ്ട് പദ്ധതികൾ പ്രകാരം 4,45,900/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പ്രോജക്ട് ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

### 1-26-1 മാർഗ്ഗരേഖ നിർദ്ദേശം പരിഗണിക്കാതെ എൽ.ഇ.ഡി. ലൈറ്റിന് പകരം പുതിയ ട്യൂബ്സെറ്റുകൾ വാങ്ങി സ്ഥാപിച്ചിരിക്കുന്നു

സബ്സിഡി മാർഗ്ഗരേഖ(സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ തീയതി.14.02.2018) ഖ.7.9.2 പ്രകാരം മറ്റ് ലൈറ്റുകളെക്കാൾ ആയുസ്സ് കൂടിയതും, പരിസ്ഥിതിക്ക് ദോഷകരമല്ലാത്തതുമായ എൽ.ഇ.ഡി. ലൈറ്റുകൾക്ക് മുൻഗണനനൽകണമെന്ന നിർദ്ദേശം പരിഗണിക്കാതെ പുതിയ ട്യൂബ്ലൈറ്റുകൾ സ്ഥാപിക്കുന്നതിനാണ് തുക ചെലവഴിച്ചിട്ടുള്ളത്. 2018-19, 2019-20 വർഷങ്ങളിലായി 755 സിംഗിൾ ട്യൂബ്സെറ്റുകൾ സ്ഥാപിച്ചതിന് 1047587രൂപ (693158+354429) ചെലവഴിച്ചിരിക്കുന്നു. കൂടാതെ പ്രസ്തുത സ്ട്രീറ്റ് ലൈറ്റുകൾ അറ്റകുറ്റപ്പണിനടത്തിയതിനും തൻവർഷം തുക ചെലവഴിച്ചിട്ടുണ്ട്.

സബ്സിഡി മാർഗ്ഗരേഖപ്രകാരം നിർദ്ദേശമുണ്ടായിരുന്നെങ്കിലും പഞ്ചായത്ത് കമ്മിറ്റിയുടെ പ്രത്യേക നിർദ്ദേശപ്രകാരമാണ് ഇപ്രകാരം ട്യൂബുലൈറ്റുകൾ സ്ഥാപിച്ചതെന്നാണ് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ പദ്ധതിനിർവ്വഹണത്തിൽ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശം നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 1-26-2 സിംഗിൾ ട്യൂബ്സെറ്റ് സ്ഥാപിച്ച പോസ്റ്റുകളിൽ ഡബിൾട്യൂബ്സെറ്റിന്റെ അറ്റകുറ്റപണിക്ക് തുക ചെലവഴിച്ചിരിക്കുന്നു

പ്രോജക്ട് നം. - 59/20(തെരുവ് വിളക്കുകളുടെ പരിപാലനം)

അടങ്കൽ - 8,00,000/- (തനത്ഫണ്ട്)

ചെലവ് - 3,01,000/-

തെരുവ് വിളക്ക് പരിപാലനത്തിനായി ടെണ്ടർ വിളിച്ചതിൽ കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ ശ്രീ. പ്രിൻസ് എന്ന കരാറുകാരനെ തെരഞ്ഞെടുക്കുകയും 1505 ഡബിൾ ട്യൂബ്സെറ്റുകൾ അറ്റകുറ്റപണിനടത്തിയതിന് 3,01,000/- രൂപ (200/- രൂപ നിരക്കിൽ) നൽകുകയും ചെയ്തിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. തൻവർഷം പ്രോജക്ട് നം.167/20 പ്രകാരം സിംഗിൾ ട്യൂബ് ഇൻസ്റ്റാളുചെയ്തതായി പറയുന്ന പോസ്റ്റുകളിൽ ഡബിൾട്യൂബ്സെറ്റ് അറ്റകുറ്റപണിചെയ്തതായി വാർഡ് മെമ്പർ നൽകിയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ അറ്റകുറ്റപണിക്ക് ഡബിൾട്യൂബിന്റെ നിരക്ക് നൽകിയിരിക്കുന്നു. കൂടാതെ മേൽ പ്രോജക്ടുപ്രകാരം (പ്രോജക്ട് നം.167/20) വാറൻഡി കാലയളവിൽ അറ്റകുറ്റപണി സൗജന്യമായി നൽകണമെന്നുള്ള വ്യവസ്ഥ പരിഗണിക്കാതെയാണ് മേൽ പ്രോജക്ട് പ്രകാരം മെയിന്റനൻസിനായി തുക നൽകിയിട്ടുള്ളത്. വാർഡ് 1, 5, 14 എന്നിവ ഉദാഹരണമായി ചുവടെ ചേർക്കുന്നു.

| | |
|---|---|
| വാർഡ് നം. 1 | M/CN/58/2, M/CN/58/3, M/MK/95/8/1/A, M/MK/95/15, M/MK/99/7, M/CN/23/7, M/CN/23/7, M/CN/23/10 |
| വാർഡ് നം. 5 | M/AP/13, M/AP/13/3, M/AP/13/6, M/AP/13/7, M/AP/13/10 |
| വാർഡ് നം.14 | M/MK/11, M/MC/26/A, M/MK/40, M/MK/56, M/MK/60, M/MK/68, M/MK/13, M/MK/9 |

2. വാർഡ് മെമ്പർമാർ നൽകുന്ന സാക്ഷ്യപ്പെടുത്തലിൽ ചില പോസ്റ്റ് നമ്പറുകൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല. പകരം സ്ഥലപ്പേര് മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ. കൂടാതെ ഒരേ പോസ്റ്റ്നമ്പർ തന്നെ ആവർത്തിച്ച് എഴുതിയിട്ടുണ്ട്. ഉദാ. വാർഡ് നം.14 ൽ 122 പോസ്റ്റുകളിൽ തെരുവ്വിളക്ക് അറ്റകുറ്റപ്പണി നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതിൽ M/MK/7, M/MK/8, M/MK/12, M/MK/16, M/MK/18 എന്നീ പോസ്റ്റ് നമ്പറുകൾ ഒന്നിലധികം തവണ എഴുതിയിട്ടുണ്ട്.

മോണിറ്ററിംഗ് നടത്തി, മെയിന്റനൻസ് നടത്തിയ പോസ്റ്റുകളുടെ നമ്പറും, ട്യൂബ്സെറ്റിന്റെ തരവും എണ്ണവും രേഖപ്പെടുത്തി മെമ്പർമാർ സാക്ഷ്യപ്പെടുത്തി തരുന്നതിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളതെന്നും, പ്രോജക്ട് നമ്പർ 167/20 പ്രകാരമുള്ള വാറൻഡികാലയളവിനെകുറിച്ച് മെമ്പർമാർക്കോ, കരാറുകാരനോ ധാരണയില്ലാത്തതിനാലാണ് അപ്രകാരം മെമ്പർമാർ സാക്ഷ്യപ്പെടുത്തി നൽകിയ വാറൻഡിയുള്ള ട്യൂബ്സെറ്റുകളുടെ മെയിന്റനൻസിനായി തുക അനുവദിക്കേണ്ടിവന്നതെന്നുമാണ് വിശദീകരണം ലഭ്യമാക്കിയിട്ടുള്ളത്(ഓഡിറ്റ് എൻക്വയറി നം.43). കൂടാതെ പുതുതായി സ്ഥാപിച്ച പല പോസ്റ്റിനും പോസ്റ്റ് നമ്പർ ഇല്ലാത്തതിനാലാണ് പകരം സ്ഥലപ്പേര് മാത്രം രേഖപ്പെടുത്തിയതെന്നും, പോസ്റ്റ് നമ്പർ ഇല്ലാതെ വരുന്ന പോസ്റ്റുകൾക്ക് തൊട്ടടുത്തുള്ള പോസ്റ്റ് നമ്പർ എഴുതി മെമ്പർമാർ സാക്ഷ്യപ്പെടുത്തിയതിനാലാണ് ഇപ്രകാരം പോസ്റ്റ് നമ്പറുകൾ ആവർത്തിച്ച് വന്നതെന്നുമുള്ള മറുപടി അംഗീകരിക്കാവുന്നതല്ല. പോസ്റ്റ് നമ്പർ ഇല്ലാത്ത പോസ്റ്റുണ്ടെങ്കിൽ വിവരം കെ.എസ്.ഇ.ബി. യെ അറിയിച്ച് തുടർനടപടി സ്വീകരിക്കേണ്ടതായിരുന്നു. കൂടാതെ സാക്ഷ്യപ്പെടുത്തലിൽ ഇക്കാര്യം പ്രത്യേകം പരാമർശിക്കേണ്ടതുമായിരുന്നു. ഇപ്രകാരം തെറ്റായ മോണിറ്ററിംഗ് റിപ്പോർട്ട് നൽകിയതിനാൽ കരാറുകാരന് അധികം തുക നൽകേണ്ട സാഹചര്യമുണ്ടായതായി വിലയിരുത്തുന്നു.

ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച തുടർനടപടി വിവരം അറിയിക്കേണ്ടതും, കെ.എസ്.ഇ.ബി.യുമായി ബന്ധപ്പെട്ട് തെരുവ് വിളക്കുകൾ സംബന്ധിച്ചുള്ള വ്യക്തമായ രേഖകൾ ശേഖരിച്ച് തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം കാണിക്കുന്ന രജിസ്റ്റർ അടിയന്തിരമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.

**1-27 പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു.**

| ക്രമ നം. | പ്രോജക്ട് നം. & പേര് | നിർവ്വഹണോദ്യോഗസ്ഥൻ | നിർവ്വഹണഏജൻസി | തുക |
|---|---|---|---|---|
| 1 | പ്രോ.നം. 7/2020,സ്ട്രീറ്റ് ലൈൻ നീട്ടൽ | സെക്രട്ടറി | കെ.എസ്.ഇ.ബി. | 59000 |
| 2 | പ്രോ.നം. 8/2020, വൈദ്യുതി പോസ്റ്റ്മാറ്റി സ്ഥാപിക്കൽ | | | 110180 |
| 3 | പ്രോ.നം.6/2020, പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (ജനറൽ) | | കെ.ഡബ്ല്യു.എ. | 115800 |
| 4 | പ്രോ.നം.228/2020 63ാം നമ്പർ അംഗൻവാടിക്കും, 47ാം നമ്പർ അംഗൻവാടിക്കും പൈപ്പ് കണക്ഷൻ ലഭ്യമാക്കൽ | അസി. എൻജിനീയർ | | 40040 |
| | ആകെ | | | 862670 |

വാർഷികധനകാര്യ പത്രിക പരിശോധിച്ചതിൽ മുൻവർഷങ്ങളിൽ നൽകിയതുകയ്ക്കും നാളിതുവരെ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ലായെന്ന് കാണുന്നു. ഡെപ്പോസിറ്റ് നൽകിയ തുകയ്ക്ക് എത്രയുംവേഗം പണിപൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാൻ അടിയന്തിര നടപടിസ്വീകരിക്കേണ്ടതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

**1-28 കരാറുടമ്പടി വയ്ക്കാൻ കാലതാമസം - നിയമാനുസൃതമായ ഫൈൻ ഈടാക്കിയിട്ടില്ല.**

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ ജി.ഒ.(പി)13/2012/പി.ഡബ്ല്യു.ഡി.01/02/2012 സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത തീയതി കൈപ്പറ്റിയ തീയതിയായി കണക്കാക്കുന്നതാണെന്നും അന്നുമുതൽ 14 ദിവസത്തിനകം കരാറുകാരൻ നിർവഹണ ഉദ്യോഗസ്ഥനുമായി കരാറുടമ്പടി വയ്ക്കേണ്ടതാണ് എന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇതിന് വീഴ്ച വരുത്തുന്ന പക്ഷം കരാർ തുകയുടെ 1% പിഴ ഈടാക്കിക്കൊണ്ട് 10 ദിവസത്തിനകം കരാർ ഉടമ്പടി വയ്ക്കാമെന്നിരിക്കെ ചുവടെ കാണിച്ച പ്രവൃത്തികളുടെ കരാർ ഒപ്പ് വക്കുന്നതിന് കാലതാമസം വന്നിട്ടുണ്ടെങ്കിലും നിയമാനുസൃത പിഴ ഈടാക്കിയതായി കാണുന്നില്ല.

| പ്രോജക്ട് നം/ പ്രവൃത്തിയുടെ പേര് | കോൺട്രാക്ടറുടെ പേര് | കരാർ തുക (M Book No) | സെലക്ഷൻ നോട്ടീസ് അയച്ച തീയതി | കരാറിൽ ഏർപ്പെട്ട തീയതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|
| 189/20 | ബിജു കെ. | 1,90,000 (628/18-19, | 18.7.18 | 8.8.18 | 1,900 |

| | | | | | |
|---|---|---|---|---|---|
| | | 734/18-19 ) | | | |
| 106/20 | ശശിധരൻ വി. | 4,46,401 (184/19-20) | 17.9.19 | 5.10.19 | 4,464 |
| 225/20 | നീലാംബരൻ.കെ. | 3,00,000 (339/19-20) | 4.11.19 | 20.11.19 | 3,000 |
| ആകെ | | | | | 9,364 |

മേൽ പ്രവൃത്തികൾക്ക് കരാർ ഏർപ്പെടുന്നതിൽ വീഴ്ച്ച വരുത്തിയതിനു പിഴ ഈടാക്കാത്തതു സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്കുള്ള (37/31.8.2021) മറുപടിയിൽ കരാർ വയ്ക്കാൻ താമസിച്ച കരാറുകാരിൽ നിന്നും പിഴ ഈടാക്കി പഞ്ചായത്തിൽ അടക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

മേൽ കരാറുകാരിൽ നിന്നുള്ള പിഴയായ 9,364/- രൂപ ഈടാക്കി പഞ്ചായത്തിൽ അടക്കേണ്ടതാണ്. കൂടാതെ ഭാവിയിൽ ഇക്കാര്യം ശ്രദ്ധിക്കേണ്ടതുമാണ്.

## 1-29 ഗുണഭോക്തൃ സമിതി മുഖേന പ്രവൃത്തികൾ നിർവ്വഹണം നടത്തുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

2019-20 ൽ ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയതിൽ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച് ചില അപാകതകൾ ചൂണ്ടിക്കാണിക്കുന്നു. ഗുണഭോക്തൃ സമിതി മുഖേന പ്രവൃത്തികൾ നിർവ്വഹണം നടത്തുമ്പോൾ സർക്കുലർ നമ്പർ 1/1559/2010/സി.ഇ./ ത.സ്വ.ഭ.വ. തീയതി 13.11.2014 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23/26.8.2021) മറുപടി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം | 195/20 | 193/20 |
|---|---|---|
| പേര് | നം. 36 കുഴിവിള അംഗൻവാടി മെയിന്റനൻസ് | പ്ലാവിള കുളം മുതൽ ഇടത്തറ ക്ഷേത്രം റോഡ് കോൺക്രീറ്റ് |
| വകയിരുത്തിയ തുക | 1,93,856 (MG NonRoad) | 50,000 (MG Road) |
| കൺവീനർ | ശശികല പി. | ജിതേഷ് കെ.എസ് |
| ചെലവ് | 181,331 | 47,096 |

1. ഗുണഭോക്തൃ സമിതികൾ ആകെ ഒരു തവണ മാത്രമേ ചേർന്നിട്ടുള്ളൂ (ഗുണഭോക്തൃസമിതി രൂപീകരണം, കൺവീനറുടെയും ചെയർമാന്റെയും തെരഞ്ഞെടുപ്പ്) പ്രവൃത്തിയുടെ നിർവഹണം, മോണിട്ടറിംഗ്, വരവ് ചെലവു കണക്കുകൾ അംഗീകരിക്കൽ എന്നിവ ഗുണഭോക്തൃ സമിതി വിലയിരുത്തുകയോ, യോഗം കൂടി തീരുമാനങ്ങൾ കൈക്കൊള്ളുകയോ ചെയ്തിട്ടില്ല.

2. ഗുണഭോക്തൃസമിതി കൺവീനറുടെയും ചെയർമാന്റെയും പേരിൽ സംയുക്ത ബാങ്ക് അക്കൗണ്ട് തുടങ്ങാതെ പകരം കൺവീനറുടെ വ്യക്തിഗത അക്കൗണ്ടിലാണ് ബിൽ തുക അനുവദിച്ചു നൽകിയിട്ടുള്ളത്.

3. കൺവീനറുടെ വരവ് - ചെലവ് കണക്ക് പുസ്തകം, ദൈനം ദിന ജോലി ഡയറി എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല.

4. പ്രവൃത്തികൾക്കായി വാങ്ങിയിട്ടുള്ള സാധനങ്ങളുടെ ചെലവ് ബിൽ/വൗചറുകൾ, മസ്റ്റർ റോളുകൾ എന്നിവ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ഇതിൽ പലതും നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഭാവിയിൽ ഗുണഭോക്തൃ സമിതി മുഖേന മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം നടത്തുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-30 എൽ. എസ്.ജി.ഡി. ഓഫീസിന് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയത്- സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല

സർക്കുലർ നമ്പർ ഐ.ടി.സെൽ-1/26/2019 വി.സാ.വ. പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സർക്കാരിന്റെ ഓൺ ലൈൻ പോർട്ടലായ സി.പി.ആർ.സി.എസ്. മുഖേന മാത്രം

വാങ്ങേണ്ടതാണെന്ന നിഷ്കർഷിച്ചിരുന്നു. എന്നാൽ പ്രോജക്ട് നം.63/20 പ്രകാരം കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയത് സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ക്വട്ടേഷൻ വഴിയാണ്.

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളുടെയും സേവനങ്ങളുടെയും സമാഹരണത്തിന് ഉള്ള മാന്വൽ സ.ഉ(ആർ.ടി)നം.2487/2016/ ത.സ്വ.ഭ.വ തീയതി 20-8-2016 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ഈ പ്രൊക്യൂർമെന്റ് മാനുവൽ (ഖ. 1.7) പ്രകാരമുള്ള പ്രൊക്യൂർമെന്റ് പ്ലാൻ കമ്മറ്റിയും പ്രൊക്യൂർമെന്റ് കമ്മറ്റിയും രൂപീകരിച്ചിട്ടുണ്ടോ, വാങ്ങലുകൾ സംബന്ധിച്ച് കമ്മറ്റി ചർച്ച ചെയ്ത് തീരുമാനമെടുത്തിട്ടുണ്ടോ, പ്രൊക്യൂർ മെന്റ് മാനുവലിൽ ഖണ്ഡിക 2.6ൽ നിർദ്ദേശിച്ച പ്രകാരം വാർഷിക പ്രൊക്യൂർ മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ, ഖ.7.3ലെ വ്യവസ്ഥ പ്രകാരം പ്രൊക്യൂർമെന്റ് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ടോ എന്നുള്ള ഓഡിറ്റ് അന്വേഷണത്തിന് (25/26.8.21) ലഭ്യമാക്കിയ മറുപടിയിൽ സി.പി.ആർ.സി.എസ്. മുഖേന വാങ്ങുമ്പോൾ കാലതാമസം വരുന്നതിനാലാണ് ക്വട്ടേഷൻ വഴി വാങ്ങിയത് എന്നാണ് അറിയിച്ചത്. വാങ്ങലുകൾ സംബന്ധിച്ച് പ്രൊക്യൂർമെന്റ് കമ്മറ്റിസംബന്ധിച്ച വിവരങ്ങളും കമ്മിറ്റി ചർച്ച ചെയ്ത് തീരുമാനമെടുത്തിട്ടുണ്ടോ എന്ന വിവരവും ലഭ്യമാക്കിയിട്ടില്ല.

പ്രൊക്യൂർമെന്റ് മാനുവലും കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സർക്കാരിന്റെ ഓൺ ലൈൻ പോർട്ടലായ സി.പി.ആർ.സി.എസ്. മുഖേന മാത്രം വാങ്ങേണ്ടതാണെന്ന നിർദ്ദേശവും പാലിക്കാതെയാണ് മേൽ പ്രോജക്ട് നടപ്പാക്കിയത്. ഭാവിയിൽ പ്രൊക്യൂർമെന്റ് മാനുവൽ അനുസരിച്ചും സർക്കാരിന്റെ ഓൺ ലൈൻ പോർട്ടലായ സി.പി.ആർ.സി.എസ്. മുഖേന മാത്രം കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-31 കോളനിയുടെ അടിസ്ഥാന സൗകര്യ വികസനം - പദ്ധതി ഉപേക്ഷിച്ചിട്ടും പകരം പദ്ധതി നടപ്പാക്കിയില്ല

2019-20 സാമ്പത്തിക വർഷത്തിൽ ളങ്ങാംപാറ ലക്ഷം വീട് കോളനിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി വികസന ഫണ്ടിൽ നിന്നും 8,00,000/- രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതം 4,00,000/- രൂപയും ജില്ലാ പഞ്ചായത്ത് വിഹിതം 8,00,000/- രൂപയും ചേർത്ത് ആകെ 20,00,000/- രൂപയുമാണ് ഈ പദ്ധതിയിൽ വകയിരുത്തിയത്. (പ്രോജക്ട് നം. 158/20). 10 കുടുംബങ്ങൾക്ക് ഗാർഹിക കുടിവെള്ള കണക്ഷനും കോളനിയിലെ നടപ്പാത കോൺക്രീറ്റും പൈപ്പ് ലൈൻ നീട്ടലുമാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ ഈ പ്രോജക്ട് നടപ്പാക്കിക്കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (24/26.8.21)ലഭ്യമാക്കിയ മറുപടിയിൽ ഈ പ്രോജക്ട് നിർബന്ധിത പ്രോജക്ട് ആയിരുന്നു എന്നും ജില്ലാ പഞ്ചായത്തിൽ നിന്നുള്ള നിർദ്ദേശപ്രകാരം എൻജിനീയറിംഗ് കോളേജ് മുഖേന എസ്റ്റിമേറ്റ് തയ്യാറാക്കി നടപ്പിലാക്കേണ്ടതായിരുന്നു എന്നും ജില്ലാ പഞ്ചായത്തിലെ ഫണ്ടിന്റെ ലഭ്യതക്കുറവ് കാരണം ജില്ലാ പഞ്ചായത്തിന് തുടർനടപടികൾ സാധിക്കാതെ വന്നതിനാൽ ഗ്രാമപഞ്ചായത്തിന്റെ തീരുമാന പ്രകാരം പദ്ധതി ഉപേക്ഷിക്കുകയായിരുന്നു എന്നാണ് അറിയിച്ചത്.
ഗ്രാമപഞ്ചായത്ത് നീക്കിവച്ച ഈ തുകക്ക് മറ്റ് പ്രോജക്ട് തയ്യാറാക്കി നടപ്പാക്കിയിട്ടുണ്ടോ എന്നും കോളനിയിലെ കുടിവെള്ള പ്രശ്നങ്ങൾ മറ്റ് പദ്ധതികൾ വഴി പരിഹരിച്ചിട്ടുണ്ടോ എന്നുമുള്ള വിവരങ്ങൾ ആവശ്യപ്പെട്ടതിന് വിവരം ലഭ്യമാക്കിയിട്ടില്ല. വേണ്ടത്ര ആസൂത്രണം ഇല്ലാതെ പദ്ധതി തയ്യാറാക്കിയതിനാലാണ് നടപ്പാക്കാൻ സാധിക്കാതെ വന്നത്. സംയുക്ത പ്രോജക്ട് ഉപേക്ഷിച്ചതിനാൽ ഗ്രാമപഞ്ചായത്ത് വകയിരുത്തിയ തുക ഉപയോഗിച്ച് കോളനിയിലെ വികസനത്തിന് മറ്റേതെങ്കിലും പദ്ധതി തയ്യാറാക്കാമായിരുന്നു. കുടിവെള്ളം പോലെ ഏറ്റവും പ്രാധാന്യമുള്ള പ്രശ്നങ്ങൾ പരിഹിക്കാനാവശ്യമായ പദ്ധതികൾ നടപ്പാക്കാത്തത് ഗൗരവം അർഹിക്കുന്നതാണ്. ഭാവിയിൽ ഇത്തരം അപാകത സംഭവിക്കാതിരിക്കാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 1-32 ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്തതിൽ വ്യത്യാസം - സർക്കാരിന് നഷ്ടം 870രൂപ

2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം കരാർ തുകകൾ 2,50,000/- രൂപയിൽ അധികരിക്കുന്ന പക്ഷം 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്.

| | |
|---|---|
| പ്രോജക്ട് നം. | 186/20 |
| സാങ്കേതികാനുമതി | LSGD/TS/18-19/19863 Dt. 9.5.18 |
| തുക | 7,35,000/- |
| | |

| | |
|---|---|
| എം.ബുക്ക് നം. | 92/19-20 |
| കോൺട്രാക്ടർ | പ്രദീപ് എസ്. |

| | |
|---|---|
| പ്രവൃത്തി മൂല്യം | 7,25,450/- |
| പിഴ | 7,254/- |
| പിഴ കഴിച്ച് ബാക്കി മൂല്യം | 7,18,196/- |
| ജി.എസ്.ടി ഈടാക്കേണ്ടത് | 14,364/- |
| ജി.എസ്.ടി ഈടാക്കിയത് | 13,494/- |
| ബാക്കി | 870/- |

മേൽ പ്രവൃത്തിയുടെ ആകെ മൂല്യം 7,18,196/- രൂപ യാണ്. ഇതിന്റെ ജി.എസ്.ടി (2%))യായി 14,364/-രൂപ അടക്കുന്നതിന് പകരം 13,494/-രൂപയാണ് അടച്ചിട്ടുള്ളത്. കുറവ് വന്ന 870/- രൂപ, വിശദീകരണം (ഓഡിറ്റ് അന്വേഷണം 40/31.8.2021) ആവശ്യപ്പെട്ടതിനെ തുടർന്ന് അടവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ടി തുക സർക്കാരിലേക്ക് അടച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-33 ജി.എസ്.ടി അസസ്സ്മെന്റ് ഉറപ്പ് വരുത്തുന്നതിന് കരാറുകാരിൽ നിന്നും സെൽഫ് ഡിക്ലറേഷനും ടാക്സ് ഇൻവോയിസും വാങ്ങുന്നില്ല

സ.ഉ(അച്ചടി) നം.87/2017/തസ്വഭവ, തീയതി 1-11-2017 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പാക്കുന്ന കരാറുകാർക്ക് ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവായിട്ടുണ്ട്. സർക്കുലർ നമ്പർ 18/19 ധനം/ തീയതി 1/3/19 ലെ നിർദ്ദേശങ്ങൾ പ്രകാരം 12% ജി എസ് ടി കോമ്പൻസേഷൻ ഉൾപ്പടുത്തിയാണ് മരാമത്തു പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. ബിൽ തയ്യാറാക്കുമ്പോൾ പ്രവൃത്തി മൂല്യത്തിന്റെ കൂടെ GST നിരക്ക് കൂട്ടുകയും മൊത്തം തുക കരാറുകാരന് നല്കുകയും ചെയ്യുന്നു. പ്രവൃത്തിമൂല്യത്തോടൊപ്പം GST ഇനത്തിൽ ഓരോ പ്രവൃത്തികൾക്കും പഞ്ചായത്ത് ഫണ്ടിൽ നിന്ന് കരാറുകാരന് തുക നല്കുന്നതിനാൽ GST കോംപൻസേഷൻ ഇനത്തിൽ നല്കുന്ന തുക നികുതി അസ്സസ്സ്മെന്റിന് വിധേയമാക്കുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ടതുണ്ട്. GST നിയമം 2017 വകുപ്പ് 31(2) പ്രകാരം എല്ലാ നികുതി ബാധകമായ സേവനങ്ങൾക്കും സേവനത്തിന്റെ മൂല്യം, നികുതി എന്നിവയും മറ്റ് വിവരങ്ങളും ഉൾക്കൊള്ളിച്ച് കരാറുകാരൻ ഇൻവോയ്സ് നല്കേണ്ടതുണ്ട്. ഈ ഇൻവോയ്സ് നികുതി അസസ്സ്മെന്റ് ഉറപ്പ് വരുത്തുന്നു.
2017 ലെ GST നിയമം വകുപ്പ് 31(2) പ്രകാരം നികുതി ബാധകമായ എല്ലാ സേവനങ്ങൾക്കും സേവനത്തിന്റെ മൂല്യം, നികുതി എന്നിവയും മറ്റ് വിവരങ്ങളും ഉൾക്കൊള്ളിച്ച് സേവന ദാതാവ് ഇൻവോയ്സ് നല്കേണ്ടതുണ്ട്. പ്രസ്തുത ഇൻവോയ്സ് നികുതി അസസ്സ്മെന്റ് ഉറപ്പ് വരുത്തും എന്നതിനാൽ ഇപ്രകാരമുള്ള ഇൻവോയ്സ് കരാറുകാരിൽ നിന്ന് അസി. എഞ്ചിനീയർ ലഭ്യമാക്കി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

ജി.ഒ(ആർ.ടി)നം.2532/2018/ തസ്വഭവ തീയതി 29-9-2018 പ്രകാരം ജി.എസ്.ടി കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിനായി കരാറുകാർ തയ്യാറാക്കി സമർപ്പിക്കേണ്ട സെൽഫ് ഡിക്ലറേഷന്റെ മാതൃക (Statement Of Final Settlement Of Contract Amount And Declaration By The Contractor) അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അസിസ്റ്റന്റ് എൻജിനീയർ നടപ്പാക്കിയ പ്രവൃത്തികളിൽ ജി എസ് ടി ഉൾപ്പെട്ട തുക കരാറുകാർക്ക് നൽകുന്നതിന് കരാറുകാരിൽ നിന്നും സെൽഫ് ഡിക്ലറേഷൻ, ടാക്സ് ഇൻവോയിസുകൾ വാങ്ങിയിട്ടുണ്ടെങ്കിൽ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്ന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ 2019-20 ൽ ജി.എസ്.റ്റി. കോംപൻസേഷൻ നൽകിയിട്ടില്ല എന്നാണ് അറിയിച്ചത്.

2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അസിസ്റ്റന്റ് എൻജിനീയർ നടപ്പാക്കിയ പ്രവൃത്തികളിൽ നൽകിയ 12% ജി.എസ്.റ്റി. കോംപൻസേഷൻ വിവരം ചുവടെ കൊടുക്കുന്നു.

| പ്രോജക്റ്റ് നം. | എസ്റ്റിമേറ്റ് തുക | പ്രവത്തി മൂല്യം | കോൺട്രാക്ടർ | എം ബുക്ക് നം. | ജി.എസ്.റ്റി. കോംപൻസേഷൻ നൽകിയത് |
|---|---|---|---|---|---|
| 68/20 | 5,00,000 | 4,46,422 | അശോകൻ ബി | 134/19-20 | 53,571 |
| 69/20 | 4,96,000 | 4,42,809 | അനിൽ കുമാർ എസ്. | 147/19-20 | 53,084 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 149/20 | 3,86,000 | 3,44,517 | പുഷ്കരൻ കെ | 172/19-20 | 41,135 |
| 106/20 | 5,00,000 | 4,46,401 | ശശിധരൻ വി | 184/19-20 | 53,568 |
| 214/20 | 2,47,000 | 2,13,458 | സജിനി എസ്. എസ്. | 204/19-20 | 19,160 |
| 146/20 | 1,27,000 | 1,13,349 | പ്രദീപ് എസ്. | 232/19-20 | 13,575 |
| 120/20 | 3,25,000 | 2,68,819 | അരുൺ രത്ന ആർ. പി. | 240/19-20 | 33,251 |
| 102/20 | 1,06,000 | 93,685 | ഷൈജു ബി. എസ്. | 241/19-20 | 11,220 |
| 234/20 | 1,50,000 | 1,29,532 | പ്രദീപ് എസ്. | 242/19-20 | 15,542 |
| 66/20 | 4,50,000 | 4,00,126 | സജിനി എസ്. എസ്. | 250/19-20 | 36,875 |
| 71/20 | 4,40,000 | 3,92,809 | അജേഷ് എ. | 291/19-20 | 47,114 |
| 119/20 | 3,00,000 | 2,67,793 | പ്രദീപ് എസ്. | 338/19-20 | 32,103 |
| 225/20 | 3,00,000 | 2,61,912 | നീലാംബരൻ കെ. | 339/19-20 | 31,426 |
| 89/20 | 3,35,000 | 2,74,719 | ബഷീർ കണ്ണ് എം. | 346/19-20 | 32,801 |
| 65/20 | 1,85,000 | 1,58,751 | വിജയ കുമാർ എം പിള്ള | 40/19-20 | 19,048 |
| 219/20 | 3,25,000 | 2,81,902 | നീലാംബരൻ കെ. | 41/19-20 | 33,284 |
| 164/20 | 7,00,000 | 6,62,292 | പ്രദീപ് എസ്. | 677/18-19 | 19,869 |
| 150/20 | 3,50,000 | 3,12,430 | വിജയൻ വി | 9/18-19 | 37,492 |

ജി എസ് ടി ഉൾപ്പെട്ട തുക നൽകിയ കരാറുകാരിൽ നിന്നും സെൽഫ് ഡിക്ലറേഷൻ, ടാക്സ് ഇൻവോയിസുകൾ വാങ്ങി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-34 കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ പി.ഡബ്ല്യു.ഡി. മാന്വലിലെ നിർദ്ദേശം പാലിക്കുന്നില്ല

2019-20 ൽ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ മരാമത്ത് പണികളിൽ ചുവടെ കാണിച്ചവ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. ഈ പ്രവൃത്തിയുടെ കരാറുകാരനിൽനിന്നും നിയമാനുസൃത നിരക്കിലുള്ള പിഴ ഈടാക്കാതെയാണ് ഫൈനൽ ബിൽ തുക നൽകിയത്. 2019-20 ൽ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ മരാമത്ത് പണികളിൽ ചുവടെ കാണിച്ചവ നിശ്ചിത സമയത്തിൽ പൂർത്തിയാക്കിയിട്ടില്ല.

| പ്രോജക്ട് നം | കരാർ ഒപ്പ് വച്ചത് | പൂർത്തീകരിക്കേണ്ടത് | പൂർത്തീകരിച്ചത് | കാലതാമസം |
|---|---|---|---|---|
| 161/20 | 1.9.18 | 31.3.19 | 23.12.19 | 8 മാസം 23 ദിവസം |
| 162/20 | 22.9.18 | 21.12.18 | 20.3.19 | 3 മാസം |
| 166/20 | 28.7.18 | 27.11.18 | 19.3.19 | 3 മാസം 20 ദിവസം |
| 172/20 | 21.10.18 | 31.3.18 | 30.7.19 | 1 വർഷം 3 മാസം 30 ദിവസം |
| 186/20 | 25.9.18 | 14.1.19 | 18.11.19 | 9 മാസം 26 ദിവസം |
| 189/20 | 8.8.18 | 7.12.18 | 27.5.19 | 5 മാസം 20 ദിവസം |
| 186/20 | 25.9.18 | 14.1.19 | 18.11.19 | 9 മാസം 26 ദിവസം |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (26/26.8.2021, 29/31.8.2021) ലഭ്യമാക്കിയ മറുപടിയിൽ, മറ്റ് വകുപ്പുകളിൽ നിന്നുള്ള അനുമതി വൈകൽ, പ്രവൃത്തിസ്ഥലത്തെ തർക്കം, എസ്റ്റിമേറ്റ് റിവൈസ് ചെയ്യൽ എന്നിവയാണ് പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാൻ സാധിക്കാത്തതിന് കാരണം. 2012 ലെ

പി.ഡബ്ല്യു.ഡി. മാന്വൽ സെക്ഷൻ 2112-1പ്രകാരം കരാർ പ്രവർത്തി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്തപക്ഷം നിർദ്ദിഷ്ട പൂർത്തീകരണ കാലാവധിക്കുമുൻപ് തന്നെ കരാറുകാരൻ രേഖാമൂലം കാലദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ പരിശോധിച്ച് തക്കതായ കാരണമുള്ളപക്ഷം സമയം ദീർഘിപ്പിക്കാവുന്നതുമാകുന്നു. എന്നാൽ കരാറുകാരന്റെ അപേക്ഷയോ ഗ്രാമപഞ്ചായത്ത് തീരുമാനങ്ങളോ ഫയലിൽ ഇല്ല.

ഭാവിയിൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ കരാറുകാരന്റെ അപേക്ഷയും അനുബന്ധമായ അനുമതികളും തീരുമാനങ്ങളും ഫയലിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-35 ആസ്തി സംരക്ഷണം-സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തുകളുടെ ആസ്തികളുടെ കാര്യക്ഷമമായ സംരക്ഷണത്തിനും അവ സുതാര്യമായി കയ്യൊഴിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ വിവരിക്കുന്ന അസറ്റ് മാനേജ്മെന്റ് മാന്വൽ, സ.ഉ.(ആർടി) നം.166/17/ തസ്വഭവ തീയതി പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. 08.11.2018- ലെ പഞ്ചായത്ത് ഡയറക്ടറുടെ സി 2-15471/18 സർക്കുലറിലെ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി അസി.എഞ്ചിനീയർ കൺവീനറും, പ്രസിഡന്റ് / വികസന സ്റ്റാൻഡിംഗ് കമ്മിറ്റി അദ്ധ്യക്ഷനുമായി ഒരു ആസ്തി പരിപാലന കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. പഞ്ചായത്തിൽ അത്തരം കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ മിനിറ്റ്സ് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (33/27.8.21) മറുപടി നൽകിട്ടില്ല.

പദ്ധതി മാർഗരേഖ (സ.ഉ.(കൈ)നം.11/2018/തസ്വഭവ തീയതി 29.1.2018 ഖണ്ഡിക 6.7) പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തകളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ പ്രോജക്ടുകൾ അംഗീകരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുന്നതിനും നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (33/27.8.21) മറുപടി നൽകിട്ടില്ല.

അതുകൊണ്ടുതന്നെ, കമ്മിറ്റിയുടെ പ്രവർത്തനം ഫലപ്രദമാണോയെന്ന് വിലയിരുത്തുവാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾ അനുസരിച്ച് ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ സംരക്ഷിക്കുന്നതിന് ആസ്തി പരിപാലന കമ്മിറ്റി രൂപീകരിക്കുന്നതും ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതും ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

ആസ്തി സംരക്ഷണം - നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

ആസ്തി സംരക്ഷണവുമായി ബന്ധപ്പെട്ട് ഭരണസമിതിയുടെ പരിഗണനയിൽ വന്ന ചുവടെ കാണിച്ച വിഷയങ്ങളിലെ തുടർ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

1. പഞ്ചായത്തിന്റെ ആസ്തികളിൽ മറ്റ് വകുപ്പുകൾ നടത്തുന്ന പ്രവൃത്തികളിൽ പഞ്ചായത്ത് കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

മൈനർ ഇറിഗേഷൻ വഴി നടത്തിയ പെരുംകുളം നവീകരണവുമായി ബന്ധപ്പെട്ട പ്രവൃത്തിയിൽ ചെളി നീക്കം ചെയ്തതു സംബന്ധിച്ച് മൈനർ ഇറിഗേഷൻ വകുപ്പ് അസി.എഞ്ചിനീയറോട് ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടതനുസരിച്ച് 22.05.2019 ന് മൈനർ ഇറിഗേഷൻ അസി.എഞ്ചിനീയർ റിപ്പോർട്ട് നൽകിയിരുന്നു. ഈ റിപ്പോർട്ടിൽ കുളത്തിൽ നിന്നും എസ്റ്റിമേറ്റ് പ്രകാരം നീക്കം ചെയ്യേണ്ട ചെളിയുടെ അളവും നീക്കം ചെയ്ത ചെളിയിൽ കുറെ ഭാഗം കുളത്തിൻറെ താഴ്ന്ന ഭാഗങ്ങൾ നികത്താനും ബാക്കി സമീപ പ്രദേശങ്ങളിൽ നിക്ഷേപിച്ചതായും പറയുന്നു. ചെളി ലേലം ചെയ്യാനുള്ള നടപടി സ്വീകരിക്കാൻ പഞ്ചായത്തിനു റിപ്പോർട്ടിൽ നിർദ്ദേശം നൽകുകയും ചെയ്യുന്നു. എന്നാൽ എസ്റ്റിമേറ്റിൻറെ പകർപ്പോ ചെളി എവിടെയൊക്കെ നിക്ഷേപിച്ചിട്ടുണ്ടെന്നോ കത്തിൽ വ്യക്തമല്ല എന്നും ഇറിഗേഷൻ വകുപ്പ് അസി.എഞ്ചിനീയർ നൽകിയ റിപ്പോർട്ട് തൃപ്തികരമല്ലായെന്നും പഞ്ചായത്ത് കമ്മിറ്റി വിലയിരുത്തി. എന്നിരുന്നാലും പഞ്ചായത്തിന്റെ അനുമതിയോടെയല്ല ചെളി നീക്കം ചെയ്തത് എന്നും എവിടെയൊക്കെയാണ് ചെളി നിക്ഷേപിച്ചിരിയ്ക്കുന്നതെന്നും വ്യക്തമല്ല എന്നും പ്രവൃത്തി കാരണം പഞ്ചായത്തിന്റെ തനതു ഫണ്ടിനു നഷ്ടം ഉണ്ടായെന്നു കമ്മിറ്റി വിലയിരുത്തി. ആയതിനാൽ ടി പ്രവൃത്തി നടത്തിപ്പിനെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്തുന്നതിനു ശുപാർശ ചെയ്ത് പഞ്ചായത്ത് കമ്മിറ്റി ഐകകണ്ഠേന തീരുമാനിച്ചു. വിജിലൻസ് അന്വേഷണവും അതിന്റെ തുടർ നടപടികളും സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (53/2.9.2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

പ്രവൃത്തിയുടെ ആരംഭത്തിൽ തന്നെ പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധ പുലർത്തിയിരുന്നെങ്കിൽ പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന വരുമാനം നഷ്ടമാകുമായിരുന്നില്ല എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

2. പുറമ്പോക്ക് രജിസ്റ്റർ, കുത്തകപ്പാട്ട രജിസ്റ്റർ എന്നിവ പുനർ നിർമ്മിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

കുവളശ്ശേരി വാർഡിലെ വാഴപ്പള്ളിക്കോണം കുളത്തിൻറെ ഉടമസ്ഥത സംബന്ധിച്ച് സ്വകാര്യ വ്യക്തികൾ പഞ്ചായത്തിനെതിരെ നെയ്യാറ്റിൻകര മുൻസിഫ് കോടതി മുമ്പാകെ ഫയൽ ചെയ്തിരുന്ന ഒ.എസ്.356/10 നമ്പർ കേസിൽ പഞ്ചായത്തിനെതിരെ വിധി വന്നിരുന്നു. മേൽ കേസിൽ 01/2017 നമ്പരായി പഞ്ചായത്ത് നെയ്യാറ്റിൻകര മേൽക്കോടതിയിൽ അപ്പീൽ നൽകിയിട്ടുമുണ്ട്. ഒ.എസ്.356/10 നമ്പർ കേസിൽ പഞ്ചായത്തിനെതിരെ വിധി വന്നതിനു പ്രധാന കാരണം പുറമ്പോക്ക് രജിസ്റ്റർ, കുത്തകപ്പാട്ട രജിസ്റ്റർ എന്നിവ കോടതിയിൽ ഹാജരാക്കാത്തതാണെന്ന് പഞ്ചായത്ത് കമ്മിറ്റി വിലയിരുത്തുകയും ടി രജിസ്റ്ററുകൾ പഞ്ചായത്തിൽ നിന്നും നഷ്ടപ്പെട്ടതായും കമ്മിറ്റിയ്ക്ക് ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. മേൽ രജിസ്റ്ററുകൾ പുനർ നിർമ്മിക്കുന്നതിന് പഞ്ചായത്ത് ശ്രമം നടത്തിയിട്ടുണ്ടോ, ഉണ്ടെങ്കിൽ നിർമാണം ഏതുവരെയായി എന്ന് അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (53/2.9.2021) മറുപടി ലഭ്യമാക്കിയില്ല. മേൽ രജിസ്റ്ററുകൾ പുനർ നിർമ്മിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി പഞ്ചായത്തിന്റെ ആസ്തികൾ നഷ്ടപ്പെടാതെ സൂക്ഷിക്കേണ്ടതാണ്.

3. കണിയംവിളാകം കുളം പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തി സംരക്ഷിക്കാനുള്ള നടപടി ത്വരിതപ്പെടുത്തേണ്ടതാണ്.

മാറനല്ലൂർ ഗ്രാമപഞ്ചായത്തിലെ അരുമാളൂർ വാർഡിലെ കണിയംവിളാകം കുളം സംരക്ഷിയ്ക്കണമെന്നാവശ്യപ്പെട്ടു ബഹു. കേരള ഹൈക്കോടതി മുമ്പാകെ പന്തടിക്കളം പൌരസമിതിയ്ക്കു വേണ്ടി ശ്രീ.രാജേന്ദ്രൻ നായർ എന്നയാൾ WP(C) 40892/17 നമ്പർ കേസ് ഫയൽ ചെയ്തിരുന്നു. 42 സെൻറ് പുറമ്പോക്ക് കുളം നിലവിൽ വേണ്ടവിധം സംരക്ഷിക്കുന്നതിന് ഗ്രാമസഭയുടെ അംഗീകാരം ലഭിയ്ക്കുന്ന മുറയ്ക്ക് ശാസ്ത്രീയമായ രീതിയിൽ പ്രോജക്റ്റ് തയ്യാറാക്കി പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തണമെന്നും ബഹു. ഓംബുഡ്സ്മാൻ 02.08.2012 ൽ വിധി പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി കുളത്തിന്റെ അതിര് സംബന്ധിച്ച് തൊട്ടടുത്ത വസ്തുവിൻറെ ഉടമകൾ പഞ്ചായത്തിനെതിരെ ഒ.എസ്.602/12 നമ്പരായി നെയ്യാറ്റിൻകര കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ടി കേസിൽ തങ്ങളുടെ വസ്തുവിന്റെ അതിർത്തി നിർണ്ണയിക്കുവാനായി പരാതിക്കാർക്ക് അനുവാദം നൽകി 07.12.2016 ന് അന്തിമ ഉത്തരവും പുറപ്പെടുവിച്ചിട്ടുമുണ്ട്. കുളം പുനരുദ്ധാരണം നടത്താനുള്ള പ്രധാന തടസ്സം കുളത്തിലേയ്ക്കു പോകാൻ വഴിയില്ല എന്നുള്ളതാണെന്ന് പഞ്ചായത്ത് കമ്മിറ്റി വിലയിരുത്തുകയും കുളത്തിൻറെ റീസർവ്വേ പ്ലാനിൽ വഴി കാണിക്കുന്നില്ലെന്ന് കമ്മിറ്റിയ്ക്ക് ബോധ്യപ്പെടുകയും ചെയ്തു. ആയതിനാൽ മുൻ സർവ്വേ പ്ലാനുകളിൽ വഴി ഉണ്ടോയെന്നറിയുവാൻ താലൂക്ക് തഹസിൽദാർക്ക് കത്ത് നൽകുവാനും പ്ലാനിന്റെ പകർപ്പ് എടുക്കുവാനും യോഗം സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. കുളം പുനരുദ്ധാരണം എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുവാനും യോഗം ഐകകണ്ഠേന തീരുമാനിച്ചു. ഇത് സംബന്ധിച്ചുള്ള നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (53/2.9.2021) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികൾ അന്യാധീനപ്പെടാതിരിക്കാൻ പഞ്ചായത്ത് കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികൾ അന്യാധീനപ്പെട്ട ശേഷം തിരിച്ചു പിടിക്കുന്നതിനെക്കാൾ എളുപ്പം നഷ്ടപ്പെടാതെ സൂക്ഷിക്കുന്നതായിരിക്കും എന്നും ഓഡിറ്റ് ഓർമ്മിപ്പിക്കുന്നു.ആയതിനാൽ ഇക്കാര്യത്തിൽ പഞ്ചായത്ത് ഭരണസമിതി കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-36 കായിക വികസന പദ്ധതി ലക്ഷ്യം നേടിയില്ല - ചെലവഴിച്ച തുക പാഴായി

പദ്ധതിയുടെ പേര്, നം : തദ്ദേശ ഭരണ സ്ഥാപനതല കായിക വികസനം (56/2020)

അടങ്കൽ :120000/-

ചെലവ് :38435/-

ബിൽ നം, തീയതി :6/19-20 01.2.2020 ( 34,235/-)

: 9/19-20 31.03.2020 (4200/-)

പഞ്ചായത്ത് തല സ്പോർട്ട്സ് ക്ലബ്ബ് രൂപീകരണവും, അംഗങ്ങൾക്ക് പരിശീലനവും നൽകി സൗഹാർദ സ്പോർട്ട്സ് മൽസരങ്ങൾ സംഘടിപ്പിക്കുന്നതിനും സ്പോർട്ട്സ് കിറ്റ് വിതരണത്തിനുമായി പദ്ധതി രൂപീകരിച്ചു. പ്രോജക്റ്റ് രൂപീകരണ ഫോറം ഖണ്ഡിക 22 പ്രകാരം 15 പേർ വീതമുള്ള 4 ടീമുകൾ രൂപീകരിക്കുന്നതിനും , ഖണ്ഡിക 31 പ്രകാരം ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും അംഗീകാരം ലഭിച്ചിരുന്നു.

| ക്രമ നം | നടപ്പാക്കാൻ ഉദ്ദേശിച്ച പ്രവർത്തനങ്ങൾ | വകയിരുത്തിയ തുക |
|---|---|---|
| 1 | പ്രാരംഭ പ്രവർത്തനങ്ങൾ | 45000 |
| 2 | ടീം അംഗങ്ങൾക്ക് റിഫ്രഷ്മെന്റ്, ട്രെയിനർക്ക് പ്രതിഫലം | 10000 |
| 3 | തിരഞ്ഞെടുക്കുന്ന ടീമുകൾക്ക് പരിശീലനം | 20000 |
| 4 | സർട്ടിഫിക്കറ്റ് ട്രോഫി വിതരണം | 20000 |
| 5 | രജിസ്ട്രേഷൻ ഉള്ള ക്ലബ്ബുകൾക്ക് സ്പോർട്ട്സ് കിറ്റ് വിതരണം | 25000 |
| | ആകെ | 120000 |

മേൽ പ്രവർത്തനങ്ങൾക്ക് വിപരീതമായി Hitec Sports Wear എന്ന സ്ഥാപനത്തിന്റെ Tax Invoice പ്രകാരം 34,235/- രൂപയ്ക്ക് യൂണിഫോം വാങ്ങുന്നതിനും, കാറ്ററിംഗ് സർവ്വീസിന്റെ തീയതി രേഖപ്പെടുത്താത്ത ബിൽ പ്രകാരം 4,200/- രൂപ റിഫ്രഷ്മെന്റിനും ചെലവഴിച്ചു.

കായികവികസനം ലക്ഷ്യമാക്കി പഞ്ചായത്ത് തലത്തിൽ കബഡി, ക്രിക്കറ്റ് , ഫുട്ബോൾ, വോളിബോൾ ടീമുകൾ തിരഞ്ഞെടുത്ത് പരിശീലനം നൽകുന്നതിനും മത്സരങ്ങൾ നടത്തുന്നതിനും സ്പോർട്ട്സ് കിറ്റ് വിതരണം ചെയ്യുന്നതിനും രൂപീകരിച്ച പദ്ധതിയിൽ അപ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം 35/27.8.2021 ന് മറുപടിയായി സെലക്ഷൻ ട്രയൽ നടത്തി ടീം രൂപീകരിച്ചെന്നും മഴ കാരണം പല ഘട്ടങ്ങളിലും മൽസരം മാറ്റി വയ്ക്കേണ്ടി വന്നതായും അറിയിച്ചു. ബ്ലോക്ക്തല മൽസരങ്ങൾക്കായി യൂണിഫോം വാങ്ങി നൽകിയെങ്കിലും വേണ്ടരീതിയിൽ പദ്ധതി നടപ്പാക്കാൻ കഴിഞ്ഞില്ല എന്നുമറിയിച്ചിട്ടുണ്ട്. പദ്ധതി പണം പ്രയോജനപ്രദമായ രീതിയിൽ ഉദ്ദേശലക്ഷ്യം നേടുന്ന വിധത്തിൽ മാത്രം ചെലവഴിക്കുന്നതിന് ഭരണസമിതി ജാഗ്രത പുലർത്തേണ്ടതാണ്.

## 1-37 പാഥേയം പദ്ധതി - ചെലവ് വിവരങ്ങൾ ലഭ്യമാക്കിയില്ല – 288000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

അഗതികളും 60വയസ്സിന് മുകളിലുള്ളവരുമായ വയോജനങ്ങൾക്ക് ഒരു നേരത്തെ ആഹാരം പാകം ചെയ്ത് കുടുംബശ്രീ വഴി ലഭ്യമാക്കുന്നതിന് ജില്ലാ പഞ്ചായത്തുമായി ചേർന്ന് നടപ്പാക്കുന്നതിന് അംഗീകാരം ലഭിച്ച് അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പാഥേയം പദ്ധതി വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി നം | വകയിരുത്തിയ തുക | ഫണ്ട് | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | 57/2020 | 172800 | വികസന ഫണ്ട് | 172800 (ബിൽ നം 1/19-20, 10.10.2019) |
| | | 259200 | ജില്ലാ പഞ്ചായത്ത് വിഹിതം | 0 |
| 2 | 118/20 | 115200 | എസ് സി പി ഫണ്ട് | 115200 (ബിൽ നം 2/19-20, 10.10.2019) |
| | | 288000 | ജില്ലാ പഞ്ചായത്ത് വിഹിതം | 0 |

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

(എ) മേൽ പദ്ധതികൾ നടപ്പാക്കുന്നതിന് വികസന / എസ് സി പി ഫണ്ടുകൾ സി ഡി എസ് അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിരിക്കുന്നു. ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

(ബി) പദ്ധതി ആനുകൂല്യത്തിന് അർഹതയുള്ളവരെ തിരഞ്ഞെടുത്ത വിവരങ്ങളും പഞ്ചായത്ത് പരിധിയിലെ അർഹരായ എല്ലാ ഗുണഭോക്താക്കളേയും ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നത് സംബന്ധിച്ച വിവരങ്ങളും ലഭ്യമല്ല.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ 2,88,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-38 ആയുർവ്വേദ മരുന്ന് വാങ്ങൽ - കരാർ വ്യവസ്ഥ പാലിച്ചില്ല

പ്രോജക്ട് നം 31/20 പ്രകാരം മെയിന്റനൻസ് ഫണ്ട് നോൺ റോഡിൽനിന്നും 13,00,000/- രൂപ വകയിരുത്തി ഔഷധിയിൽനിന്നും മരുന്ന് വാങ്ങുന്നതിന് അംഗീകാരം ലഭിച്ചു. ഔഷധി ഫാർമസ്യൂട്ടിക്കൽ കമ്പനി

സെക്രട്ടറിയുമായി 24.5.2019 ൽ ഏർപ്പെട്ട കരാറിൽ തുക ഒടുക്കി അറുപത് ദിവസത്തിനകം മരുന്ന് ലഭ്യമാക്കുന്നതാണെന്നും അപ്രകാരം സാധിക്കാതെ വന്നാൽ നഷ്ടം ഉണ്ടാകുന്ന പക്ഷം കോമ്പൻസേറ്റ് ചെയ്യുന്നതാണെന്നും വ്യവസ്ഥ ചെയ്തിരുന്നു. ട്രഷറി ബിൽ നം 1/2019-20 17.5.2019 മുഖേന 13,00,000/- രൂപ ഔഷധിയ്ക്ക് നൽകി. എന്നാൽ 5,00,829/-രൂപയുടെ മരുന്ന് 60 ദിവസത്തിന് ശേഷമാണ് ലഭ്യമായിരിക്കുന്നത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇൻവോയിസ് നം, തീയതി | തുക | മരുന്ന് ലഭ്യമായ തീയതി |
|---|---|---|---|
| 1 | 90145068/30.12.2019 | 4607 | 5.2.2020 |
| 2 | 90141073/29.11.2019 | 14817 | 11.1.2020 |
| 3 | 90136478/30.10.2019 | 47859 | 5.2.2020 |
| 4 | 90135332/24.10.2019 | 61828 | 2.11.2019 |
| 5 | 90132390/29.9.2019 | 179466 | 10.10.2019 |
| 6 | 90125788/31.7.2019 | 192252 | 10.10.2019 |
| | ആകെ | 500829 | |

കൃത്യ സമയത്ത് മരുന്ന് ലഭ്യമാകാതിരുന്നിട്ടും കരാർ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (06/25.8.2021) മറുപടി ലഭ്യമാക്കിയില്ല. പദ്ധതികൾക്കായി ചെലവഴിക്കുന്ന തുകയുടെ ഗുണഫലം കൃത്യസമയത്ത് ലഭ്യമാകുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതും ജാഗ്രത പുലർത്തേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | തുക ലഭിച്ച വർഷം | പദ്ധതിയുടെ പേര് | ലഭിച്ച തുക | ചെലവ് (സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത്) | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1365160 | 2019-20 | അനുപൂരക പോഷകാഹാരം | 6923217 | 500000 | 1851924 (*) |
| | | | സ്നേഹസ്പർശനം | | 363000 | |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| | | | കിണർ റീചാർജിംഗ് | | 20160 | |
| | | | ക്ഷീരസമൃദ്ധി(ജനറൽ) | | 344050 | |
| | | | ക്ഷീരസമൃദ്ധി(വനിത) | | 200000 | |
| | | | ലൈഫ് ഭവന പദ്ധതി | | 1987200 | |
| | | | ലൈഫ് പദ്ധതി | | 2443 | |
| | | | ലൈഫ് ഭവന പദ്ധതി (SCP) | | 2942043 | |
| | | | ലൈഫ് ഭവന പദ്ധതി (TSP) | | 80000 | |
| | ആകെ | | | 6923217 | 6436453 | 1851924 (*) |
| ജില്ലാ പഞ്ചായത്ത് | 493799 | 2019-20 | സ്നേഹസ്പർശനം | 2743590 | 305000 | 485458 |
| | | | കിണർ റീചാർജിംഗ് | | 30240 | |
| | | | നെൽകൃഷിവികസനം | | 17000 | |
| | | | ക്ഷീരസമൃദ്ധി(ജനറൽ) | | 245000 | |
| | | | ക്ഷീരസമൃദ്ധി(വനിത) | | 200000 | |
| | | | ലൈഫ് ഭവന പദ്ധതി | | 1406350 | |
| | | | ലൈഫ് ഭവന പദ്ധതി (SCP) | | 540000 | |
| | | | ലൈഫ് പദ്ധതി (SC) | | 5898 | |
| | | | ആകെ | 2743590 | 2751931 | 485458 |

(*)- വാർഷികധനകാര്യപത്രിക പ്രകാരമുള്ള നീക്കിയിരിപ്പ് 15,04,564/- രൂപ. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | മുൻ ബാക്കി | മുൻകൂർ നൽകിയ തുക (Sulekha Exp.Statement പ്രകാരം) | ചെലവഴിച്ച തുക | ബാക്കി തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് | നീക്കിയിരിപ്പ് തുക |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 2932477 | 155840 (*1) | - | 3088317 | - | 3088317(*1) |
| കെ.എസ്.ഇ.ബി | 6343864 | 169180 (*2) | - | 6513044 | - | 6513044 (*2) |
| പി.ഡബ്ല്യൂ.ഡി | 479133 | - | - | 479133 | - | 479133 |

(*1) - വാർഷിക ധനകാര്യ പത്രിക പ്രകാരം നൽകിയ തുക - 115800, നീക്കിയിരിപ്പ് - 3048277.

(*2) - വാർഷിക ധനകാര്യ പത്രിക പ്രകാരം നൽകിയ തുക - 59000, നീക്കിയിരിപ്പ് - 6402864.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ് വിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പ എടുത്ത ഏജൻസി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|

| | | | ബാക്കിയുണ്ടായിരുന്ന തുക | | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | KURDFC ലോൺ | 24223877 | 23236123 | 3242647 | 44217353 |

4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല.

4-8 ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 32144556.55 |
| വരവ് | 124706749.00 |
| ആകെ | 156851305.55 |
| ചെലവ് | 122810036.00 |
| നീക്കിയിരിപ്പ് | 34041269.55 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1150670 |

ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 8,22,630/- | ശ്രീമതി.ഷീബ കെ.എസ്, സെക്രട്ടറി |
| | 40,040/- | ശ്രീ.അഭിലാഷ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-37 | 2,88,000/- | ശ്രീമതി പ്രിയ കെ.എസ്, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 11,50,670/- | |

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീമതി ഷീബ കെ.എസ്, സെക്രട്ടറി | | സിതാര, തമലം, പൂജപ്പുര |
| 2 | ശ്രീമതി പ്രിയ. കെ.എസ്, അസിസ്റ്റന്റ് സെക്രട്ടറി | | TC 19/1412(7) ഗൌരികൃപ, SCPRA – 106 തമലം, പൂജപ്പുര. |
| 3 | ശ്രീ.അഭിലാഷ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ | അമ്പാടി, മിന്നാംകോട്, പേയാട് |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 2000-01 | എൽഎഫ്.റ്റിഡി.ജി.പി.1/258/02 | 2 |
| 2001-02 | എൽഎഫ്.റ്റിഡി.ജി.പി.4/328/03 | 13 |
| 2003-04 | എൽഎഫ്.റ്റിഡി.ജി.പി.4/884/06 | 1 |
| 2004-05 | എൽഎഫ്.റ്റിഡി.ജി.പി.4/1224/07 | 3 |
| 2005-06 | എൽഎഫ്.റ്റിഡി.ജി.പി.4/1125/08 | 3 |
| 2006-07 | എൽഎഫ്.റ്റിഡി.ജി.പി.4/1051/09 | 2 |
| 2007-08 | എൽഎഫ്.റ്റിഡി.ജി.പി.4/747/15 | 1 |
| 2008-09 | എൽഎഫ്.റ്റിഡി.ജി.പി.4/748/11 | 1 |
| 2009-10 | എൽഎഫ്.റ്റിഡി.ജി.പി.4/2413/12 | 5 |
| 2010-11 | എൽഎഫ്.റ്റിഡി.ജി.പി.4/2640/11 | 14 |
| 2011-12 | എൽഎഫ്.റ്റിഡി.ജി.പി.4/2568/13 | 1 |
| 2012-13 | എൽഎഫ്.റ്റിഡി.ജി.പി.4/1863/14 | 2 |
| 2013-14 | എൽഎഫ്.റ്റിഡി.ജി.പി.4/881/2015 | 4 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1051/2016 | 6 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജിപി.5/2036/2016/29.11.2016 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജിപി.5/1657/2017/10.08.2017 | 17 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജിപി.5/1657/2017/10.08.2017 | 25 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജിപി.5/1657/2017/10.08.2017 | 26 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ മാറനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ മാറനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്